# വിദ്യാപ്രവർത്തനം

ക. നി. മൂ. സ. പ്രസിദ്ധീകരണസംഘം

Nihil Obstat

FR. SYLVESTER, T. O. C. D.

FR. GREGORY, T. O. C. D.

*Censores Deputati.*

Ampazhakad
21-8-'47

Imprimi Potest

FR. VINCENT, T. O. C. D.

*Prior General.*

P. G. House,
Ernakulam
22-8-'47

Imprimatur

✠ **GEORGE ALAPATT,**

*Bp. of Trichur.*

Trichur
11-9-'47

## മാസധ്യാനം

# വിദ്യാപ്രവൎത്തനം

വിദ്യാഭ്യാസവിഷയത്തിൽ മുന്നിട്ടു പ്രവൎത്തിക്കുന്നവരും, അതിൽ വ്യാപൃതരായിരിക്കുന്നവരും, യഥാൎത്ഥമായ ക്രിസ്തീയ വിദ്യാഭ്യാസം എന്താണെന്നും, അതു നൽകേണ്ടതു എങ്ങനെയാണെന്നും നന്നായി മനസ്സിലാക്കിയിരിക്കേണ്ടതാണു്. അതിനാൽ ഇന്നത്തെ ധ്യാനവിഷയം വിദ്യാപ്രവൎത്തനം * എന്നതായിരിക്കട്ടെ.

## ഒന്നാം ധ്യാനം

### വിദ്യാഭ്യാസം എന്നാൽ എന്തു്?

രൂപീകരണം: നമ്മുടെ കൎത്താവീശോമിശിഹാ സകല ജാതി ജനങ്ങളെയും പഠിപ്പിക്കുന്നതിനു തന്റെ ശിഷ്യഗണത്തെ അധികാരപ്പെടുത്തി അയക്കുന്നതു കാണുന്നതായി രൂപീകരിക്കുക.

അഭ്യൎത്ഥന: യഥാൎത്ഥമായ ക്രിസ്തീയ വിദ്യാഭ്യാസം എന്തിൽ അടങ്ങിയിരിക്കുന്നുവെന്നു വേണ്ടവിധം മനസ്സിലാക്കി പ്രവൎത്തിക്കുന്നതിനുള്ള പ്രസാദവരം അപേക്ഷിക്കുക.

ധ്യാനം 1. ക്രിസ്തീയ വിദ്യാഭ്യാസം സൎവ്വപ്രധാനമായി വിദ്യാൎത്ഥികളെ സ്വൎഗ്ഗരാജ്യത്തിലെ ഉത്തമ പൌരന്മാരാക്കാൻ ഉതകുന്നതിൽ അടങ്ങിയിരിക്കുന്നു.

* - മററു ബാഹ്യപ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടിരിക്കുന്നവൎക്കും പ്രായോഗികമായ പല നല്ലകാൎയ്യങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ടു്.

ശരീരത്തോടും ആത്മാവോടുംകൂടി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ അവന്റെ കായികവും മാനസികവും ആദ്ധ്യാത്മികവുമായ കഴിവുകളെ വികസിപ്പിച്ച് ഇഹത്തിലും പരത്തിലും സൌഭാഗ്യത്തോടെ വാഴുന്നതിനു അവനെ ബാല്യംമുതൽ തന്നെ ഒരുക്കുന്നതെന്തോ അതാണ് സാക്ഷാത്തായ വിദ്യാഭ്യാസം എന്നു പറയാം. എന്നാൽ നമ്മുടെ കർത്താവീശോമിശിഹാ തന്റെ ശിഷ്യരെ അദ്ധ്യപനത്തിനു നിയോഗിച്ചയച്ചപ്പോൾ അവിടുന്നു അവരോടു കല്പിച്ചതു് താൻ അവരോടു ഉപദേശിച്ചിട്ടുള്ളവ ആചരിക്കാൻ സർവ്വജാതിജനങ്ങളെയും പഠിപ്പിക്കുന്നതിനാണ്. മിശിഹായോ എന്നാൽ തന്റെ പിതാവിനെപ്പറ്റിയും, സ്വർഗ്ഗരാജ്യത്തെപ്പറ്റിയും, അവിടെ ചെന്നുചേരുന്നതിനു നാം എന്തുവിശ്വസിക്കണം എന്തു ആചരിക്കണം എന്നുള്ളതിനെപ്പറ്റിയുമല്ലാതെ വെറും കായികമൊ, മാനസികമൊ ആയ അഭിവൃദ്ധിക്കുള്ള മാർഗ്ഗങ്ങളെ കുറിച്ചു ഒന്നുംതന്നെ പ്രതിപാദിച്ചിട്ടില്ല. അതിനാൽ സന്യാസികളായ നാം നമ്മുടെ വിദ്യാപ്രവർത്തനങ്ങളിൽ സർവ്വപ്രധാനമായി കരുതേണ്ടതു് നമുക്കു ഭരമേല്പിച്ചിരിക്കുന്ന കുട്ടികളുടെ ആദ്ധ്യാത്മികോന്നതിയാണ്.

മനുഷ്യന്റെ ഐഹികജീവിതംതന്നെ പാരത്രികജീവിതത്തിനുള്ള ഒരുക്കം അഥവാ പോംവഴി മാത്രമായിരിക്കുന്നതുപോലെ കായികമൊ, മാനസികമൊ ആയി നാം നൽകുന്ന വിദ്യാഭ്യാസം ആദ്ധ്യാത്മിക വിദ്യാഭ്യാസത്തിനുള്ള ഉപാധിയായി മാത്രമാണു കരുതേണ്ടതു്. മിശിഹാ സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള തന്റെ പ്രസംഗം ശ്രവിക്കുന്നതിനും ആളുകളെ ആകർഷിക്കുന്നതിനും അവരുടെ ആത്മിക വ്യാധികളെ സുഖപ്പെടുത്തുന്നതിനുമായി അവരുടെ ശാരീരികാസ്വാസ്ഥ്യങ്ങൾ പരിഹരിച്ചു കൊടുത്തതുപോലെ കുട്ടികൾക്കു ആദ്ധ്യാത്മികോപദേശങ്ങളും സന്മാർഗ്ഗികാഭ്യാസങ്ങളും നൽകുന്നതിനു അവരെ നമ്മുടെ പക്കലേക്കു ആകർഷിക്കുന്നതിനാണു പ്രധാ

നമായും മററു വിഷയങ്ങളും പഠിപ്പിക്കുന്നതിനുള്ള ഭാരം നാം കയ്യേൽക്കുന്നതു്.

സ്കൂൾ നടത്തൽ മേൽപ്രസ്താവിച്ച സത്യം മുൻനിറുത്തിയാണോ നീ നിവ്വഹിച്ചുപോരുന്നതു്? മത്സരക്കളികളിലും കായികാഭ്യാസങ്ങളിലും പബ്ലിക്ക പരീക്ഷകളിലും നല്ല വിജയം കിട്ടുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടുന്നുണ്ടോ? അഥവാ അവയെ സവ്വപ്രധാനമായിക്കരുതി മതപഠനത്തെയും മതാഭ്യാസങ്ങളെയും ഏറെക്കുറെ ത്യാജ്യകോടിയിൽ തള്ളിക്കളയുകയാണോ ചെയ്യുന്നതു്? മററു വിഷയങ്ങൾ പഠിപ്പിക്കുമ്പോൾ ക്രൈസ്തവവിശ്വാസത്തിനൊ, സന്മാഗ്ഗത്തിനൊ വിരുദ്ധമായി വരുന്നവയെ അപ്പഴപ്പോൾ ഖണ്ഡിക്കുന്നതിനും, പ്രകൃതിപാഠത്തിലും മററും സൃഷ്ടിവൈചിത്ര്യം കാണുമ്പോൾ സ്രഷ്ടാവിൻെറ മഹത്വത്തെ പ്രകീത്തിക്കുന്നതിനും ശ്രദ്ധിക്കുന്നുണ്ടോ? ഗ്രന്ഥശാലകളിൽ കുട്ടികളുടെ ആദ്ധ്യാത്മികമായ ഉൽകഷത്തിനു ഉപകരിക്കത്തക്കവണ്ണമുള്ള ധാരാളം നല്ല പുസ്തകങ്ങളുണ്ടോ? അവ വായിക്കുന്നതിനു കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? ഏതാദൃശകായ്യങ്ങളിൽ ശ്രദ്ധപതിയുന്നില്ലെങ്കിൽ നമ്മുടെ സ്കൂളുകൾ ഒരു ഹിന്ദുസ്കൂളിൽ നിന്നോ മുഹമ്മദീയ സ്കൂളിൽനിന്നോ അധികം വ്യത്യാമുള്ളതായിരിക്കയില്ല. അങ്ങനെയുള്ള സ്കൂൾനടത്തലിനായിട്ടു് ദൈവത്തിനു മുഴുവനായി പ്രതിഷ്ഠിച്ചിരിക്കുന്ന സന്യാസികൾ തങ്ങളുടെ സമയം നഷ്ടപ്പെടുത്തുന്നതു ക്ഷന്തവ്യമായിരിക്കയില്ല.

എൻെറ കത്താവേ! ലോകാരുചിയിൽ മുഴുകി വെറും ബാഹ്യമായ വിജയങ്ങൾക്കായിമാത്രം ശ്രമിച്ചുകൊണ്ടു അങ്ങു ഞങ്ങളെ ഭരമേല്പിച്ചിരിക്കുന്ന സാക്ഷാത്തായ ആദ്ധ്യാത്മികപരിശീലനം വിസ്മരിക്കപ്പെടുന്നതിനു ഇടയാകരുതെ. സവ്വപ്രധാനമായി അങ്ങയെയും അങ്ങയുടെ രാജ്യത്തെയും ഞങ്ങളുടെ സ്കൂളുകളിൽ അന്വേഷിക്കാൻ ഞങ്ങളെ പഠിപ്പിക്കേണമെ. മേലാൽ എല്ലാററിലും മുൻപായി കുട്ടികളുടെ ആത്മീയാഭിവൃദ്ധിക്കായി ശ്രമിച്ചുകൊള്ളാം.

2. സ്വർഗ്ഗീയ പൌരന്മാരാകേണ്ട കുട്ടികൾ അവശ്യം അറിഞ്ഞിരിക്കേണ്ട വേദസത്യങ്ങൾ അവരെ ധരിപ്പിക്കുകയും വിശ്വാസചൈതന്യത്തിൽ ജീവിക്കുന്നതിനു അവരെ അഭ്യസിപ്പിക്കുകയും ചെയ്യുന്നതാണ് വിദ്യാഭ്യാസത്തിന്റെ അതിപ്രധാനമായ ഒരു ഭാഗം.

കുട്ടികൾക്കും ജനസാമാന്യത്തിനും നമ്മുടെ സ്കൂളുകളോടു നല്ല മതിപ്പുണ്ടാകുന്നതിനും അവരെ ധാരാളമായി അവിടേക്കു ആകർഷിക്കുന്നതിനുംവേണ്ടി മറേറതു സ്കൂളിനോടും കിടപിടക്കത്തക്കരീതിയിൽ കായികവും മാനസികവുമായ അഭ്യസനം നാം നൽകേണ്ടതാണ്. എന്നാൽ ആത്മാവു ശരീരത്തെക്കാൾ എത്ര അധികം ഉൽകൃഷ്ടമാണൊ അത്രയധികം പ്രാധാന്യം മതബോധനത്തിനു നാം കൊടുക്കേണ്ടിയിരിക്കുന്നു. തൽക്കാല സാഹചര്യങ്ങളിൽ അതർഹിക്കുന്നിടത്തോളം നല്ല സമയമോ ദീർഘസമയമോ നൽകുന്നതിനു നമുക്കു നിവൃത്തിയില്ലെങ്കിലും നമുക്കു കിട്ടുന്ന സമയം ഏററവും നന്നായി ഉപകരിപ്പിക്കുവാൻ നാം ശ്രമിക്കേണ്ടതാണ്. അതിനാൽ നിവൃത്തിയുള്ളടത്തോളം വൈദികർതന്നെ വേദപാഠക്ലാസ്സുകൾ നടത്തുന്നതിനു ഏർപ്പാടുചെയ്യുന്നതു നന്നായിരിക്കും. പ്രസ്തുത ക്ലാസുകൾ നടത്തുന്നവർ മറേറതു വിഷയത്തെക്കാളും ഇതിൽ കൂടുതലായി ഒരുങ്ങിവരുന്നതിനും നിഷ്കർഷിക്കണം.

കൂടാതെയും, വേദോപദേശത്തിന്റെ കുറെഭാഗം മനഃപാഠമായി ചൊല്ലുവാനൊ, അതിന്റെ സംഗ്രഹംപറയാനൊ സാധിക്കുന്നതുകൊണ്ടു് കുട്ടികൾ അവരുടെ കർത്തവ്യം നിറവേററി എന്നു കരുതിക്കൂടാ. പ്രത്യുത, പഠിച്ച സംഗതികൾ പ്രായോഗികമാക്കുന്നതിനു അവരെ പ്രേരിപ്പിക്കേണ്ടതാണ്. ഒരു കണക്കു ചെയ്യുന്നതിനുള്ള വഴി പറഞ്ഞു കൊടുക്കുന്നതുകൊണ്ടുമാത്രം നാം തൃപ്തിപ്പെടാതെ കുട്ടികളെക്കൊണ്ടുതന്നെ ആ വഴിയനുസരിച്ചു അനേകം കണക്കുകൾ ചെയ്യിച്ചു അഭ്യസിപ്പിക്കുന്നതുപോലെ പുണ്യകാര്യങ്ങളും അഭ്യസിപ്പിക്കണം.

അങ്ങനെ അവരെ സാക്ഷാൽ ദൈവഭക്തരാക്കണം. പ്രവൃത്തികൂടാതെയുള്ള വിശ്വാസം നിർജ്ജീവമാകുന്നതുപോലെ പുണ്യാഭ്യാസം കൂടാതെയുള്ള മതപഠനവും ഉപകാരശൂന്യമാണു്. വിധിദിവസത്തിൽ വേദോപദേശം ചൊല്ലികേൾക്കട്ടെ എന്നാവശ്യപ്പെടുകയില്ല; പ്രത്യുത അതനുസരിച്ചു് എങ്ങനെ പ്രവത്തിച്ചു എന്നതിനെ സംബന്ധിച്ചേ ചോദ്യമുണ്ടാകയുള്ളു. ചെറുപ്പംമുതൽതന്നെ ആ അഭ്യാസം ലഭിക്കാത്തപക്ഷം പ്രായം ചെന്നിട്ടു പുണ്യപ്രവൃത്തികൾ ചെയ്യുക സാധാരണയല്ല. അതിനാൽ വേദോപദേശക്ലാസുകളിൽ സർവ്വപ്രധാനമായി പുണ്യാഭ്യസനത്തിനുള്ള പ്രേരണ നൽകേണ്ടതാണു്. നമ്മുടെ കർത്താവുതന്നെയും താൻ ഉപദേശിച്ചിട്ടുള്ളതിനെ ആചരിക്കുവാൻ പഠിപ്പിക്കുന്നതിനാണല്ലോ നമ്മോടു ആജ്ഞാപിച്ചിരിക്കുന്നതു്.

വെറും ലൌകിക ശാസ്ത്രങ്ങൾ പഠിപ്പിക്കുന്നതിനു നൽകുന്നതിൽ പകുതി ശ്രദ്ധപോലും വേദപാഠത്തിനായി നീകൊടുക്കുന്നുണ്ടോ? സ്കൂളിൽ പഠിപ്പിക്കുന്ന മറ്റെല്ലാവിഷയങ്ങളെക്കാളും അപ്രധാനമാണു അതു് എന്നു തോന്നത്തക്കവണ്ണം വെറും നിസ്സാരകാരണങ്ങളാൽ അതു വേണ്ടെന്നുവയ്ക്കുകയും അശേഷം ശ്രദ്ധയും ചുമതലബോധവും ഇല്ലാത്തരീതിയിൽ പഠിപ്പിക്കുകയും ചെയ്യാറില്ലയോ? ഓരോ ക്ലാസ്സിലും മതത്തിന്റെ പ്രയോഗികവശങ്ങളെക്കുറിച്ചു എന്തെങ്കിലും പറയുന്നുണ്ടോ? പുണ്യാഭ്യസനത്തിനു മറവുള്ളവരുടെ ദൃഷ്ടാന്തം കാണിച്ചുകൊടുത്തും സ്വന്തം മാതൃകയാലും കുട്ടികളെ പ്രേരിപ്പിക്കുന്നുണ്ടോ? മാതാവിന്റെ സൊഡാലിററി എം. സി. വൈ. എൽ. മുതലായവ വേണ്ടവണ്ണം നടത്തി അവമൂലം സ്വന്ത പുണ്യപൂർണ്ണതക്കും സമുദായസേവനത്തിനും കുട്ടികളെ പരിശീലിപ്പിക്കുന്നുണ്ടോ? ഇല്ലെങ്കിൽ നമ്മുടെ ദിവ്യരക്ഷകനും തിരുസഭയും നമ്മിൽനിന്നു ആവശ്യപ്പെടുന്ന അഭ്യസനം നാം കുട്ടികൾക്കു നൽകുന്നില്ലെന്നും നമ്മുടെ

സ്കൂളുകൾക്കു കത്തോലിക്കസ്കൂൾ എന്ന പേരിനുതന്നെ യോഗ്യതയില്ലെന്നും നാം ധരിക്കേണ്ടതാണു്.

എന്റെ ദൈവമേ! മതപാഠത്തിന്റെ കാര്യത്തിൽ വളരെ വൈകല്യങ്ങൾ വന്നുപോയിട്ടുണ്ടെന്നും കുട്ടികൾക്കു മതത്തോടുവേണ്ട മതിപ്പും സ്നേഹവും ഉണ്ടാകുന്നതിനു പകരം അവജ്ഞപോലും ജനിക്കത്തക്കവണ്ണമാണു് പലപ്പോഴും ക്ലാസുകൾ നടത്തിപ്പോയിട്ടുള്ളതെന്നും ഞാൻ സമ്മതിക്കുന്നു. മേലാൽ അങ്ങേയ്ക്കു ഏററവും ഇഷ്ടമുള്ള രീതിയിലും അങ്ങേ മാതൃകയനുസരിച്ചും ഫലപ്രദമായി വേദപാഠം നൽകുന്നതിനു എന്നെ സഹായിക്കേണമെ. മറേറതു വിഷയത്തെക്കാളും കൂടുതലായി വേദപാഠത്തിനു ഒരുങ്ങിക്കൊള്ളാമെന്നും വെറും ജ്ഞാനം കൊണ്ടുമാത്രം തൃപ്തിപ്പെടാതെ പുണ്യാഭ്യാസങ്ങൾക്കു കുട്ടികളെ പ്രേരിപ്പിച്ചുകൊള്ളാമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

3. <u>കുട്ടികളിൽ കാണുന്ന ദുർഗ്ഗുണങ്ങളെ നശിപ്പിക്കുകയെന്നുള്ളതു് വിദ്യാഭ്യാസത്തിന്റെ മറെറാരു പ്രധാന ഭാഗമാണു്.</u>

ഇതരജന്തുക്കളുടെ കുഞ്ഞുങ്ങൾ ഏതു സാഹചര്യത്തിലും സ്വതന്ത്രമായും വളർന്നാലും പ്രായപൂർത്തിവരുമ്പോൾ നൈസർഗ്ഗികമായി അവയ്ക്കുണ്ടായിരിക്കേണ്ട സ്വഭാവവിശേഷങ്ങൾ എല്ലാം ഉണ്ടായിരിക്കും. മനുഷ്യന്റെ സ്ഥിതി നേരെമറിച്ചാണു്. ജന്മപാപഫലമായി അവൻ ബാല്യംമുതൽതന്നെ തിന്മയിലേക്കു ചാഞ്ഞിരിക്കുന്നതുകൊണ്ടു് വളരെ നിഷ്കർഷയോടുകൂടി അവന്റെ ദുർവ്വാസനകളെ അവ ശക്തിപ്രാപിക്കുന്നതിനു മുമ്പേതന്നെ ഞെക്കിക്കൊല്ലാത്തപക്ഷം അവ ശക്തിപ്രാപിച്ചു അവനു ഇഹത്തിലും പരത്തിലും ദുരന്തദുരിതം ഉളവാക്കും. "നാം നിസ്സാരങ്ങളെന്നു കരുതി കണ്ണടക്കുന്ന ബാലലീലകൾ കൊടിയ പാപിയുടെ ബീജങ്ങളാകുന്നു" എന്നാണു് തെർത്തുല്യന്റെ അഭിപ്രായം. അതേ, മുള്ളുകൾ

അവയുടെ നാമ്പിൽ മൂൎച്ചയേറിയതല്ല. പാമ്പിന്നു അതിൻെറ ജനനസമയത്തു് വിഷം കാണുകയില്ല. എന്നാൽ കാലാന്തരത്തിൽ മുളയിൽ കണ്ട മുള്ളു മൂൎച്ചയേറിയതായിത്തീരും. പാമ്പിൻകുഞ്ഞു വിഷംമൂത്ത സൎപ്പമായും തീരും. അവനുതന്നെയല്ല അവൻെറ കുടുംബത്തിനും സമുദായത്തിനുതന്നെയും വലിയ ക്ലേശത്തിനു അവൻ വഴി തെളിക്കും. അതിനാൽ ചെറുപ്പത്തിൽതന്നെ കുട്ടികളിൽ കാണുന്ന നിഗളം, സ്വാൎത്ഥത, കൊതി, അധികാരധിക്കാരം, വൃത്തിഹീനത, കൃതഘ്നത, മടി, അമിതമായ വിനോദപ്രിയം മുതലായവയെ സാമം, ദാനം, ഭേദം, ദണ്ഡം എന്ന ചതുരുപായങ്ങൾ പ്രയോഗിച്ചു നശിപ്പിക്കുവാൻ ഉത്സാഹപൂൎവ്വം ശ്രമിക്കണം. അവയൊന്നും സാരമില്ല, പ്രായമാകുമ്പോൾ അവർതന്നെ തിരുത്തിക്കൊള്ളും എന്നു വിചാരിച്ചു നാം കാൎയ്യമായി ഒന്നും ചെയ്യാതിരിക്കുന്നെങ്കിൽ അതു വലിയ അബദ്ധമായിരിക്കും. വെറും തയ്യായിരുന്നപ്പോൾ രണ്ടു വിരൽകൊണ്ടു പറിച്ചു മാററാമായിരുന്ന വൻമരം നല്ല വളൎച്ചപ്രാപിച്ചു കഴിഞ്ഞാൽ പിന്നെ ആനപിടിച്ചാലും പറിയുകയില്ലാത്തതുപോലെ ചെറുപ്പത്തിൽ നിഷ്പ്രയാസം നമുക്കു അമൎത്താമായിരുന്ന ആ തിന്മ പ്രായമാകുമ്പോൾ ഒരു രണ്ടാം സ്വഭാവംപോലെ ഉറച്ചു പോകുന്നതുകൊണ്ടു് മാററുക സാദ്ധ്യമല്ലതന്നെ. നമ്മുടെ അശ്രദ്ധയാൽ കുട്ടികൾക്കും അനന്തരം സമുദായത്തിനുതന്നെയും വരുന്ന ഈ വലിയ നാശത്തിനു ദൈവതിരുമുമ്പിൽ നാം ഉത്തരവാദികളായിരിക്കുകയും ചെയ്യും.

നിന്നെ ഭാരമേല്പിച്ചിരിക്കുന്ന കുട്ടികളെ നല്ലവണ്ണം സൂക്ഷിച്ചു അവരിലുള്ള ദുൎഗ്ഗുണങ്ങൾ കണ്ടുപിടിക്കുന്നതിനും അവയെ നശിപ്പിക്കുന്നതിനും ശ്രമിക്കുന്നുണ്ടോ? അതോ ക്ലേശകരമായ ആ കൎത്തവ്യത്തിൽനിന്നു ഒഴിഞ്ഞുമാറി അവർ ക്ലാസിൽ പാഠം പഠിക്കുന്നുണ്ടെന്നുള്ള ഒററ സംഗതികൊണ്ടു മാത്രം തൃപ്തിപ്പെട്ടിരിക്കയാണൊ ചെയ്യുന്നതു്? ഗോത

ബിൻെറ ഇടയിൽ ശത്രു വിതച്ച കളകളായ ഈ ദുർഗ്ഗുണങ്ങൾ വളൎന്നുവരാൻ അനുവദിക്കുന്നപക്ഷം നാം കൊടുക്കുന്ന സദുപദേശങ്ങളാകുന്ന നല്ല വിത്തുകൾക്കു മുളച്ചുവരാൻ സാധിക്കാതെവരുന്നതുകൊണ്ടു് നമ്മുടെ വിദ്യാഭ്യാസശ്രമമെല്ലാം നിഷ്ഫലമായിപോകുന്നതാണു്.

മനുഷ്യവൎഗ്ഗത്തിൻെറ ഏററവും വലിയ അദ്ധ്യാപകനും മറെറല്ലാ അദ്ധ്യാപകന്മാരുടെയും മാതൃകയും ഗുരുവുമായ ഞങ്ങളുടെ കൎത്താവീശോമിശിഹായേ സത്യവെളിച്ചമായ അവിടുന്നു വിദ്യാഭ്യാസത്തിൻെറ എല്ലാവശങ്ങളെയും അവയുടെ പ്രാധാന്യത്തിനനുസരിച്ചു് വ്യക്തമായി എനിക്കു കാണിച്ചുതരുന്നതിനും ആ ജ്ഞാനം അനുസരിച്ചു് അങ്ങയുടെ തിരുമനസ്സപ്രകാരം കുട്ടികളെ ഞാൻ പഠിപ്പിക്കുന്നതിനുംവേണ്ട അനുഗ്രഹം നൽകുവാൻ കനിവുണ്ടാകണമെ.

ബോധജ്ഞാനത്തിൻെറ സിംഹാസനമെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

---

# രണ്ടാം ധ്യാനം

## ഒരദ്ധ്യാപകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ

രൂപീകരണം: നമ്മുടെ കൎത്താവീശോമിശിഹാ ജനങ്ങളെ പഠിപ്പിച്ചുകൊണ്ടു പലസ്തീനായിൽ ചുററിനടക്കുന്നതു കാണുന്നതായി രൂപീകരിക്കുക.

അഭ്യൎത്ഥന: ഒരദ്ധ്യാപകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാമെന്നു നമ്മെ ധരിപ്പിക്കുന്നതിനും അവ സമ്പാദിക്കുന്നതിനുവേണ്ട അനുഗ്രഹം പ്രദാനം ചെയ്യുന്നതിനും പ്രാൎത്ഥിക്കുക.

ധ്യാനം 1. ഒരദ്ധ്യാപകൻ സൎവ്വപ്രധാനമായി ഒരു ദൈവിക മനുഷ്യനായിരിക്കണം.

മുൻധ്യാനത്തിൽ കണ്ടതുപോലെ സാക്ഷാത്തായ വിദ്യാഭ്യാസം ഒരു കുട്ടിയെ ഒരു യഥാൎത്ഥ ഭക്തനും സൽസ്വഭാവിയുമാക്കിത്തീൎക്കുന്നതിലത്രെ സൎവ്വപ്രധാനമായി അടങ്ങിയിരിക്കുന്നതു്. ഇതു് അതിസ്വഭാവികവും ദൈവികവുമായ ഒരു പ്രവൃത്തിയാകയാൽ ഒരദ്ധ്യാപകൻ മററുതരത്തിൽ എത്ര തന്നെ സമൎത്ഥനായിരുന്നാലും ദൈവസഹായം അയാൾക്കു അത്യന്താപേക്ഷിതമാണു്. 'പൌലോസു നട്ടു, അപ്പോളൊ നനെക്കുന്നു. എന്നാൽ സമൃദ്ധിയായ ഫലം തരുന്നതു ദൈവമാണു്.' അതിനാൽ അദ്ധ്യാപകൻ നിരന്തരപ്രാൎത്ഥനയാലും മററു ജ്ഞാനാഭ്യാസങ്ങളാലും ദൈവത്തോടു വളരെ അടുത്തു വൎത്തിച്ചുകൊണ്ടു സകല വരപ്രസാദങ്ങളുടെയും ദാതാവായ ദൈവത്തിൽനിന്നും അദ്ധ്യാപനത്തിൻെറ അരുപി പ്രാപിക്കുകയും തൻെറ ശിഷ്യഗണത്തിൻെറമേൽ ധാരാളം അനുഗ്രഹങ്ങൾ വൎഷിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. നനവുകൂടാതെ എത്ര വളക്കൂറുള്ള മണ്ണും ഫലം പുറപ്പെടുവിക്കയില്ലാത്തതുപോലെ പ്രാൎത്ഥനാജലംകൂടാതെ എത്ര സമൎത്ഥനായ അദ്ധ്യാപകനും കുട്ടികളുടെ ആത്മാവിനു എന്തെങ്കിലും നന്മചെയ്വാൻ സാദ്ധ്യമല്ല. കൂടാതെ, എത്രതന്നെ സദുപദേശങ്ങൾ കേട്ടിരുന്നാലും ഓരോ കുട്ടിയും തന്നത്താൻ ശ്രമിക്കാതെ ദുൎഗ്ഗുണങ്ങളെ ജയിക്കുന്നതിനോ സൽഗ്ഗുണങ്ങളെ സമ്പാദിക്കുന്നതിനൊ കഴിയുകയുമില്ല. ഇപ്രകാരം തന്നോടുതന്നെ ബലംചെയ്തു മനസാക്ഷിയുടെ പ്രേരണയനുസരിച്ചു് ജീവിക്കുന്നതിനുള്ള ശക്തി പ്രാൎത്ഥനയും കൂദാശകളുടെ സ്വീകരണവും വഴിയേ അവനു ലഭിക്കുകയുള്ളൂ. എന്നാൽ ഏതാദൃശഭക്താഭ്യാസങ്ങളിലേക്കു അവനെ ആകൎഷിക്കുന്നതിനു സ്വന്ത അനുഭവത്താൽതന്നെ പ്രാൎത്ഥനയുടെ മാധുൎയ്യവും ശക്തിയും മനസ്സിലാക്കിയിട്ടുള്ള അദ്ധ്യാപകനു മാത്രമേ സാധ്യമാവൂ. മററുള്ളവർ എന്തെല്ലാം തത്വങ്ങൾ പറഞ്ഞാലും അവ ഹൃദയത്തെ സ്പൎശിക്കയില്ല.

അധികം പാഠങ്ങൾ ഒരുങ്ങാനുണ്ടെന്നുള്ള ന്യായേന ധ്യാനത്തിന്റെയും മററു ജ്ഞാനാഭ്യാസങ്ങളുടേയും സമയം കുറയ്ക്കുകയോ അവ തക്ക ഭക്തിയോടുകൂടി നിവ്വഹിക്കാതിരിക്കയൊ ചെയ്യുന്നുണ്ടോ? ദൈവൈക്യത്തിനു വിഘാതം വരുത്തിക്കൊണ്ടുള്ള പ്രസ്തുത അത്യദ്ധ്വാനം ഗുണത്തെക്കാൾ കൂടുതൽ ദോഷമാണു ചെയ്യുന്നതെന്നു ചിന്തിക്കുന്നുണ്ടോ? സമത്ഥന്മാരെന്നു കീത്തികേട്ടിട്ടുള്ള ചില അദ്ധ്യാപകന്മാരുടെ ക്ലാസ്സിലെ കുട്ടികൾ ബഹളക്കാരും, അധികാരധിക്കാരികളും പുണ്യാത്രുപി ഇല്ലാത്തവരും ആയിരിക്കെ പ്രത്യേക സാമത്ഥ്യമൊന്നുമില്ലാത്ത ചിലരുടെ വിദ്യാത്ഥികൾ ശാന്തരും ഭക്തന്മാരുമായി കാണപ്പെടുന്നതെന്തുകൊണ്ടാണെന്നു നീ ആലോചിച്ചുനോക്കുന്നതുകൊള്ളാം. നിത്യവും നിന്റെ വിദ്യാത്ഥികൾക്കുവേണ്ടി നീ പ്രാത്ഥിക്കാറുണ്ടോ? നന്നാകുന്നതിനു കൂടുതൽ വിഷമം തോന്നുന്നവക്കുവേണ്ടി കൂടുതലായി പ്രാത്ഥിക്കുകയും വല്ല തപക്രിയകളും അനുഷ്ഠിക്കയും ചെയ്യുന്നുണ്ടോ? ഇല്ലെങ്കിൽ ഇനിയെങ്കിലും ഒന്നു പരീക്ഷിച്ചുനോക്കുക. അതു എത്ര ഫലപ്രദമായിരിക്കുമെന്നും നമ്മുടെ ദിവ്യരക്ഷകനും പുണ്യവാന്മാരും തങ്ങളുടെ അദ്ധ്വാനങ്ങളുടെ ഫലസിദ്ധിക്കുവേണ്ടി തീവ്രമായി പ്രാത്ഥിക്കുകയും തപസ്സു ചെയ്യുകയും ചെയ്തു എന്ന വസ്തുത പ്രത്യേകം സ്മരണീയമാണു്.

എന്റെ ദൈവമേ, ഞാൻ ഇത്രയുംനാൾ എന്റെ സ്വന്ത ശക്തിയിലും സാമത്ഥ്യത്തിലും മാത്രം ആശ്രയിച്ചു കുട്ടികളെ നന്നാക്കുന്നതിനു ശ്രമിച്ചതു അബദ്ധമായിപ്പോയെന്നു ഇപ്പോൾ മനസ്സിലാക്കുന്നു. അതേക്കുറിച്ചു ഞാൻ മനസ്തപിക്കുന്നു. ഓരോ കുട്ടിക്കും ആവശ്യമായ ഉപദേശം കൊടുക്കുന്നതിനുള്ള ബുദ്ധിയുടെ പ്രകാശവും ഉപദേശം കുട്ടികളെ സ്പശിച്ചു് ഫലം പുറപ്പെടുത്തുന്നതിനുള്ള അനുഗ്രഹവും എനിക്കു നീ പ്രദാനം ചെയ്യേണമെ. പകൽമുഴുവൻ അദ്ധ്വാനിച്ചതിനു ശേഷം രാത്രിയുടെ അധിക ഭാഗവും പ്രാത്ഥനയിൽ കഴിച്ചുകൂട്ടിയ എന്റെ ദിവ്യരക്ഷകനേയും വിശുദ്ധ

ന്മാരെയും അനുകരിച്ചു തീവ്രമായ പ്രാത്ഥനകളായി കൂടുതൽ സമയം വിനിയോഗിച്ചുകൊള്ളാമെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

2. ഒരദ്ധ്യാപകൻ സകല സൽഗുണങ്ങളുടെയും ഒരു വിളനിലമായിരിക്കണം. കുട്ടികൾ കേൾവിയിൽ നിന്നെന്നതിനെക്കാൾ കാഴ്ചയിൽ നിന്നാണു കൂടുതൽ പഠിക്കുന്നതു്. കേൾക്കുന്ന സംഗതികളെക്കാൾ കാണുന്ന സംഗതികളാണു അവരുടെ ഹൃദയത്തിൽ കൂടുതൽ ആഴമായി പതിയുന്നതു്. അതിനാൽ എന്തെല്ലാം സൽഗുണങ്ങൾ തന്റെ വിദ്യാത്ഥികളിൽ നട്ടുവളത്തണമെന്നു അദ്ധ്യാപകൻ വിചാരിക്കുന്നുണ്ടോ അവയെല്ലാം തന്നിൽതന്നെ അയാൾ കാണിച്ചുകൊടുക്കണം. നമ്മുടെകത്താവീശോമിശിഹാ തന്റെ സ്വന്തം ദൃഷ്ടാന്തത്താൽ കാണിച്ചുകൊടുക്കാത്ത യാതൊരു പുണ്യവും അഭ്യസിക്കുവാൻ തന്റെ ശിക്ഷ്യന്മാരോടു ആവശ്യപ്പെട്ടിട്ടില്ല. മററുള്ളവർ തങ്ങളെ അനുകരിച്ചു സൽപ്രവൃത്തികളാൽ ദൈവത്തെ സ്തുതിക്കുന്നതിനായി മനുഷ്യരുടെമുമ്പാകെ സൽകൃത്യങ്ങൾ അനുഷ്ഠിക്കുന്നതിനു ദിവ്യഗുരു തന്റെ ശിഷ്യരോടു ഉപദേശിക്കപോലും ചെയ്യുന്നുണ്ടു്. ഈ ഉപദേശം അദ്ധ്യാപകൻ പ്രത്യേകം ഓത്തിരിക്കേണ്ടതാണു്. കുട്ടികൾ അനുകരണപ്രിയരായ്ക്കുകൊണ്ടു് തങ്ങളുടെ അദ്ധ്യാപകനെ അനുകരിക്കുക സവ്വസാധാരണമാണു്. അയാൾക്കു മനസ്സുണ്ടെങ്കിലും ശരി ഇല്ലെങ്കിലും ശരി അയാളിലുള്ള നന്മയും തിന്മയും കുട്ടികളിൽ പ്രതിബിംബിക്കും. അതിനാൽ വിദ്യാത്ഥികൾ കൃത്യനിഷ്ഠയുള്ളവരും. പരിശ്രമശീലരും, സത്യസന്ധരും, അധികാരവിധേയരും, ദൈവഭക്തരും ആയികാണാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മേല്പറഞ്ഞ ഗുണങ്ങളെല്ലാം അദ്ധ്യാപകനിലും ശോഭിക്കണം. നേരെമറിച്ചു, ഇവയെക്കുറിച്ചെല്ലാം ഉപദേശിക്കയിൽ തന്നിൽ തദനുസരണമുള്ള പ്രവൃത്തി കാണുന്നില്ലെങ്കിൽ ആ ഉപദേശമെല്ലാം വ്യത്ഥമായിരിക്കുക

യേ ഉള്ളൂ. എന്തെന്നാൽ, അയാൾ പറയുന്നതു കേൾക്കുവാൻ പാടില്ലാത്തവിധം അത്ര ഉച്ചത്തിൽ അയാളുടെ പ്രവൃത്തികൾ പ്രസംഗിക്കും.

കുട്ടികൾക്കു നല്ല മാതൃക കാണിച്ചു കൊടുക്കത്തക്കവണ്ണമാണൊ നീ ജീവിക്കുന്നതു്? നിന്റെ ഇന്ദ്ര്യനിഗ്രഹവും പ്രാൎത്ഥനാനിരതമായ ജീവിതവുംകൊണ്ടു ദൈവവണക്കത്തിനും ഭക്തജീവിതത്തിനും കുട്ടികളെ പ്രേരിപ്പിക്കുന്നുണ്ടോ? അതോ വെറും ലൗകികവും അനിയന്ത്രിതവുമായ വാക്കുകളും പ്രവൃത്തികളുംകൊണ്ടു ലോകാരൂപി അവരിൽ രൂഢമൂലമാക്കുകയാണൊ ചെയ്യുന്നതു്? മേലുള്ളവരോടുള്ള നിന്റെ ബഹുമാനവും വിധേയത്വവുംകൊണ്ടു അധികാര വിധേയത്വവും വിനയവും അവരിൽ ഉളവാക്കുന്നുണ്ടോ? അതോ, പരസ്യമായിപോലും അധികാരികളെ വിമൎശിച്ചും നിന്റെ പ്രവൃത്തികളാൽ അവരെ നീ അനുസരിക്കുന്നില്ല എന്നു കാണിച്ചും അധികാരനിന്ദയ്ക്കും ധിക്കാരത്തിനും അവരെ ഒരുക്കുന്നുണ്ടോ? അവൎക്കു നല്ല മാതൃകയാകത്തക്കവണ്ണം നീ കൃത്യസമയത്തു് ക്ലാസ്സിൽ ഹാജരാവുകയും, അന്നന്നു പഠിപ്പിക്കുവാനുള്ള പാഠങ്ങളെല്ലാം നന്നായി ഒരുക്കികൊണ്ടു പോവുകയും പരിശോധിച്ചു തെററു തിരുത്തികൊടുക്കേണ്ട ബുക്കുകൾ യഥാസമയത്തു തിരിച്ചുകൊടുക്കുകയും ചെയ്യുന്നുണ്ടോ? ഈവക സംഗതികളിലുള്ള ശ്രദ്ധ നിന്റെ പുണ്യപൂൎണ്ണതയ്ക്കു തന്നെയും ഉപകരിക്കുമെന്നു മാത്രമല്ല ആയിരം ഉപദേശങ്ങളെക്കാൾ ശക്തിയായി കുട്ടികളെ സൽസ്വഭാവികളാക്കിത്തീൎക്കുകയും ചെയ്യും.

എന്റെ ദൈവമേ, എന്നെ ഭാരമേല്പിച്ചിരിക്കുന്ന കുട്ടികൾക്കുവേണ്ടികൂടി എന്നെതന്നെ വിശുദ്ധീകരിക്കുന്നതിനു കടപ്പെട്ടിരിക്കുന്ന ഞാൻ എന്റെ അലസതയാലും അശ്രദ്ധയാലും അവൎക്കു ദുൎമ്മാതൃക കാണിച്ചുകൊടുത്തുപോയതിനെകുറിച്ചു പശ്ചാത്തപിക്കുന്നു. മേലാൽ എല്ലാ കാൎയ്യത്തിലും അവൎക്കു ഉത്തമമാതൃകയായി തീരുന്നതിനു വേണ്ട അനുഗ്രഹം എനിക്കു

തരേണമെ. "ഞാൻ മിശിഹായെ അനുകരിക്കുന്നതുപോലെ നിങ്ങൾ എന്നെ അനുകരിപ്പിൻ" എന്നു വിശുദ്ധ പൌലോസ്ശ്ലീഹായോട്ടുകൂടെ എന്റെ വിദ്യാൎത്ഥികളോടു പറയത്തക്കവണ്ണം ജീവിച്ചുകൊള്ളാമെന്നു ഞാൻ പ്രതിജ്ഞചെയ്യുന്നു.

3. ഒരദ്ധ്യാപകൻ കുട്ടികളെ നിസ്വാൎത്ഥമായി സ്നേഹിക്കയും അവൎക്കുവേണ്ടി എന്തു ത്യാഗവും ചെയ്യുന്നതിനു സന്നദ്ധനായിരിക്കുകയും വേണം.

ഉത്തമമായ വിദ്യാഭ്യാസം വളരെ ക്ലേശഭൂയിഷ്ഠമാണു്. അതു പ്രതിദിനം ഏതാനും മണിക്കൂറുനേരം എഴുത്തോ, വായനയൊ, കണക്കൊ, ഭൂമിശാസ്ത്രമൊ, വേദോപദേശം തന്നെയൊ പഠിപ്പിക്കുന്നതുകൊണ്ടു തീരുന്നില്ല. പ്രത്യുത ഓരോ കുട്ടിയിലും കാണുന്ന ഏററവും നിസ്സാരമായ തെററുകളേയും സ്വഭാവവൈകല്യങ്ങളേയും കണ്ടുപിടിച്ചു വളരെ ക്ഷമയോടും സ്ഥിരതയോടും കൂടി അവയെ തിരുത്തി തൽസ്ഥാനത്തു ദൈവഭക്തി, അധികാരവിധേയത്വം, കൃത്യനിഷ്ഠ, സത്യസന്ധത, പരിശ്രമശീലം, മുതലായ സദ്ഗുണങ്ങളെ നട്ടുവളൎത്തുന്നതിൽ അടങ്ങിയിരിക്കുന്നു. എന്നാൽ കുട്ടികളിൽ ചിലർ വികടബുദ്ധികളാകയാലും ഒരുദിവസംകൊണ്ടോ, ഒരു മാസം കൊണ്ടോ, ഒരു വൎഷം കൊണ്ടുപോലുമൊ അവരിൽ ഗണ്യമായ അഭിവൃദ്ധി കണ്ടില്ലെന്നു വരാവുന്നതുകൊണ്ടും ഒരദ്ധ്യാപകനു സ്വാഭാവികമായി നിരാശയും ആലസ്യവും തന്റെ ജോലിയോടു വെറുപ്പും ഉണ്ടാകാൻ എളുപ്പമുണ്ടു്. ആവക തോന്നലുകളെ ജാഗ്രതയോടെ ജയിച്ചമൎത്തി മുന്നോട്ടുപോകുന്നതിനുള്ള ഏക പോംവഴി കുട്ടികളെ നിസ്വാൎത്ഥമായി സ്നേഹിക്കയെന്നുള്ളതാണു്. സ്നേഹം ക്ലേശങ്ങളെ വകവെക്കുകയൊ പ്രതിഫലം ആഗ്രഹിക്കുകയൊ ചെയ്യുന്നില്ല. അതു ക്ഷമയും ദീൎഘശാന്തതയുമുള്ളതാകുന്നു. അതിനാൽ കുട്ടികളുടെ കൃതഘ്നതയൊ നിരന്തര വീഴ്ചകളൊ കണ്ടു മനസ്സു മടിക്കാതെ അവരുടെ നന്മക്കായി സ്ഥിരതയോടെ പ്രവൎത്തിച്ചുകൊണ്ടിരി

൧൧. തന്റെ അധീനത്തിലുള്ള കുട്ടികളാണു അടുത്ത ഭാവിയിൽ തിരുസ്സഭയ്ക്കു വൈദികശ്രേഷ്ഠന്മാരെയും സന്യാസികളെയും രാഷ്ട്രത്തിനു ഉത്തമ ഭരണാധികാരികളെയും അനന്തരകാലത്തു സ്വർഗ്ഗത്തിനു വലിയ വിശുദ്ധന്മാരെയും നൽകേണ്ടതെന്നും മാതാപിതാക്കന്മാരും ദൈവംതന്നെയും അത്യധികം സ്നേഹിക്കുന്ന അമൂല്യനിക്ഷേപങ്ങളാണു അവരെന്നും ദൈവത്തിന്റെയും മാതാപിതാക്കന്മാരുടെയും സ്ഥാനത്തു അവരെ പരിപാലിച്ചു സംരക്ഷിക്കേണ്ടതു തന്റെ കടമയാണെന്നും ഉള്ള വിചാരം അവരെ തീവ്രമായി സ്നേഹിക്കുന്നതിനു അദ്ധ്യാപകനെ പ്രേരിപ്പിക്കും. വിശ്വാസദൃഷ്ട്യാ അവരുടെ ആത്മാവിന്റെ മഹത്വംകണ്ടു ബാഹ്യമായി കാണുന്ന സകല വൈകല്യങ്ങളെയും അവഗണിച്ചു എല്ലാവരേയും സ്നേഹിക്കണം. സ്വാഭാവികമായി ചിലരോടു കൂടുതൽ പക്ഷവും മററു ചിലരോടു അല്പം വെറുപ്പും തോന്നിയാലും അതു ഒരിക്കലും പ്രത്യക്ഷപ്പെടുത്താതെ ഓരോ കുട്ടിയേയും അത്യധികം സ്നേഹിക്കുന്നുവെന്നും അവനുവേണ്ടി എന്തു ത്യാഗവും ചെയ്യുന്നതിനു സന്നദ്ധനാണെന്നും തന്റെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അവരെ ധരിപ്പിക്കണം. അങ്ങനെ അവരുടെ സ്നേഹം സമ്പാദിച്ചുകഴിഞ്ഞാൽ പിന്നെ ശിക്ഷിക്കുകയൊ ശാസിക്കുകയൊ എന്തു ചെയ്തിരുന്നാലും അതെല്ലാം നന്മനസ്സോടെ അവർ സ്വീകരിക്കുകയും തങ്ങളുടെ കുററങ്ങളാൽ അദ്ധ്യാപകനു അതൃപ്തി ഉണ്ടാകാതിരിക്കുന്നതിനു അവർ സൂക്ഷിക്കുകയും ചെയ്യും.

നിന്റെ അധീനത്തിലുള്ള കുട്ടികൾ മാതാപിതാക്കന്മാരാലും ദൈവത്താലും സ്നേഹപൂർവ്വം നിനക്കു ഭാരമേല്പിക്കപ്പെട്ടിട്ടുള്ള അമൂല്യനിധികളാണെന്നുള്ള ബോധത്തോടുകൂടി അവരെ സ്നേഹിച്ചുകൊണ്ടും നിന്റെ സുഖസൗകര്യാദികളെ അവഗണിച്ചുകൊണ്ടും അവരുടെ നന്മക്കായി നീ പ്രയത്നിക്കുന്നുണ്ടോ? അതോ, ആ ജോലി ഒരു ഭാരമായികരുതി ചിലരോടു വെറുപ്പും വൈരാഗ്യവും മററു ചിലരോടു പ്രത്യേക

സ്നേഹവുമാണോ കാണിക്കുന്നതു്? അവരിൽ കാണുന്ന നന്മകളെ പ്രോത്സാഹിപ്പിക്കാതെ കാണുന്ന നിസ്സാര തെററുകളെക്കുറിച്ചുപോലും കോപാക്രാന്തനായി ശിക്ഷിച്ചും ശാസിച്ചും അവരെ നിരാശപ്പെടുത്തുന്നുണ്ടോ? സ്വന്തം കുട്ടികളിൽ എന്തുതന്നെ കുററം കണ്ടിരുന്നാലും അവരെ വെറുക്കാതെ ക്ഷമയോടും ദീർഘശാന്തതയോടും കൂടി അവരെ നന്നാക്കാൻ ശ്രമിക്കുന്ന മാതാപിതാക്കന്മാരെപ്പോലെയാണു നാം അവരോടു വർത്തിക്കേണ്ടതു്.

ബെസ്ലഹമിലെ പുൽതൊട്ടിമുതൽ ഗാഗുൽത്താമലയിലെ കുരിശുവരെ അങ്ങെ ദൃഷ്ടാന്തത്താലും ഉപദേശത്താലും മനുഷ്യരെ പഠിപ്പിക്കുകയും അനന്തമായ സ്നേഹത്താൽ അവരെ സ്നേഹിക്കുകയും ചെയ്ത ഞങ്ങളുടെ ദിവ്യരക്ഷകനായ ഈശോയെ, മനുഷ്യർക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും അവർക്കുവേണ്ടി തന്നെത്തന്നെ കൂടുതൽ വിശുദ്ധീകരിക്കുകയും ചെയ്ത അങ്ങയെപ്പോലെ പ്രാർത്ഥനാരൂപിയോടെ ജീവിക്കുന്നതിനും തന്നെത്താൻ വിശുദ്ധീകരിക്കുന്നതിനും പരിത്യാഗപൂർണ്ണമായ നിസ്വാർത്ഥസ്നേഹത്തോടെ കുട്ടികൾക്കുവേണ്ടി അദ്ധ്വാനിക്കുന്നതിനും എന്നെ സഹായിക്കേണമെ. സുതനായ ദൈവത്തിൻെറ മാതാവേ, കുട്ടികൾക്കു നല്ല വിദ്യാഭ്യാസം നൽകുന്നതിനുവേണ്ട ഗുണങ്ങളെല്ലാം അങ്ങെ തിരുക്കുമാരനിൽനിന്നു എനിക്കു നീ പ്രാപിച്ചു തരേണമെ.

# മൂന്നാം ധ്യാനം

## ബോർഡിംഗു് നടത്തൽ

മുൻധ്യാനങ്ങളിലെ നിർദ്ദേശങ്ങളനുസരിച്ചു കുട്ടികളെ പരിശീലിപ്പിച്ചുകൊണ്ടുപോരുന്നതിനു സ്കൂളിനേക്കാൾ കൂടുതൽ സൌകര്യം ബോർഡിംഗിനുള്ളതുകൊണ്ടു് ഉത്തമമായ

രീതിയിൽ ബോർഡിംഗ് നടത്തുന്നതിൽ നിഷ്കർഷിക്കേണ്ട ചില സംഗതികളെ കുറിച്ചും ഒരു ധ്യാനം കഴിക്കുന്നതു് ഉപകാരപ്രദമായിരിക്കും.

രൂപീകരണം: നമ്മുടെ ദിവ്യരക്ഷകൻ മലയിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വലിയ പുരുഷാരം അച്ചടക്കബോധത്തോടെ മൌനമായി സശ്രദ്ധം അദ്ദേഹത്തെ ശ്രവിച്ചുകൊണ്ടിരുന്നതായി രൂപീകരിക്കുക.

അഭ്യർത്ഥന: വിശ്വാസജന്യമായ അച്ചടക്കത്തോടും മാലാഖമാരേപ്പോലുള്ള ശുദ്ധതയോടും കൂടെ ജീവിക്കത്തക്കവണ്ണം കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള വരം അപേക്ഷിക്കുക.

ധ്യാനം 1. അച്ചടക്കം (*Discipline*)

സ്കൂളിലാണെങ്കിലുംശരി ബോർഡിംഗിലാണെങ്കിലുംശരി നാം പറഞ്ഞുകൊടുക്കുന്ന ഉപദേശങ്ങളും കാണിച്ചുകൊടുക്കുന്ന സന്മാതൃകയുംകൊണ്ടു എന്തെങ്കിലും ഉപകാരമുണ്ടാകണമെങ്കിൽ അച്ചടക്കത്തിന്റെ കാര്യത്തിൽ പ്രത്യേകം നിഷ്കർഷിക്കേണ്ടതായിട്ടുണ്ടു്. ബോർഡിംഗിലേയും സ്കൂളിലേയും ക്രമങ്ങളെല്ലാം ഏററവും നിസ്സാരമായിട്ടുള്ളവപോലും അവഗണിക്കാതെ കൃത്യമായി നിറവേററുന്നതിലാണു് അച്ചടക്കം അടങ്ങിയിരിക്കുന്നതു്. പ്രാർത്ഥനസ്ഥലത്തും ക്ലാസ്സിലും പഠനസ്ഥലത്തും കൃത്യസമയത്തു ഹാജരാവുക, അവിടെ ചെന്നതിനുശേഷം നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഓരോ കൃത്യവും വേണ്ട ഗൌരവത്തോടും ശ്രദ്ധയോടുംകൂടി ചെയ്യുക, സംസാരിച്ചും ചുററിനടന്നും ബഹളം കൂട്ടാതിരിക്കുക, അദ്ധ്യാപകന്മാരേയും മററധികാരികളേയും സവിനയം ബഹുമാനിക്കുക, അവരുടെ കല്പനകളെ ഉടനുടൻ അനുസരിക്കുക മുതലായവയിലാണു അച്ചടക്കം അടങ്ങിയിരിക്കുന്നതു്. ക്രമം കൃത്യമായി പാലിക്കപ്പെടുന്ന സ്ഥാപനങ്ങളിൽ പഠനവും പുണ്യവും അഭിവൃദ്ധി പ്രാപിക്കും. ദൈവവും മനുഷ്യരും അവയെ സ്നേഹിക്കുകയും ചെയ്യും. നേരെമറിച്ചു ക്രമം പാലിക്കപ്പെടാത്ത

സ്ഥാപനങ്ങൾ സകല ദുർഗ്ഗുണങ്ങളുടെയും വിളനിലമായിരിക്കും. അതിനാൽ, കൃത്യമായ അച്ചടക്കബോധം ഉളവാക്കാൻ നാം സർവ്വാത്മനാ യത്നിക്കേണ്ടതാണ്. അതിനുള്ള ഏററവും ഫലപ്രദമായ മാർഗ്ഗം അതിസ്വാഭാവികമായ ന്യായങ്ങൾകൊണ്ട് സ്വയനിഗ്രഹം എത്ര ആശാസ്യമായ ഒരഭ്യാസമാണെന്നു അവരെ പറഞ്ഞു മനസ്സിലാക്കുകയും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും തങ്ങളുടെ നന്മക്കും വേണ്ടി സ്വയം നിയന്ത്രിക്കുന്നതിനു അവരെ അഭ്യസിപ്പിക്കുകയും ചെയ്യുകയാണ്. ശിക്ഷയെ ഭയന്നോ, അധികാരികളെ പ്രസാദിപ്പിക്കുവാനോ മാത്രം ക്രമം കാക്കുന്നു എങ്കിൽ ആരും കാണാത്ത സ്ഥലങ്ങളിലും സമയത്തും എന്തും ചെയ്യാൻ അവർ മടിക്കയില്ല. അങ്ങനെയുള്ള അച്ചടക്കബോധം വെറും കപടഭക്തി മാത്രമേ ആയിരിക്കയുള്ളു. അതിനാൽ സുസ്ഥിരവും സ്നേഹപൂർവ്വവുമായ ഉപദേശങ്ങൾകൊണ്ടും മിതമായ ശിക്ഷയും സമ്മാനവുംകൊണ്ടും പ്രാർത്ഥനയും സന്മാതൃകയുംകൊണ്ടും വിശ്വാസത്തിൽ അടിയുറച്ച അച്ചടക്കം അഭ്യസിപ്പിക്കണം.

കുട്ടികൾ നിയമങ്ങളെല്ലാം കൃത്യമായി പാലിക്കുന്നതിനു നീ നിഷ്കർഷിക്കുന്നുണ്ടോ? അതോ, നിൻെറ മുൻപിൽ വച്ചുതന്നെ അവ ലംഘിച്ചാലും സാരമില്ലെന്നുള്ള വിധത്തിൽ ശാസിക്കാതെയും ശിക്ഷിക്കാതെയും കടത്തിവിടുന്നുണ്ടോ? വിശ്വാസത്തിൻെറ അരൂപിയിൽ ക്രമം പാലിക്കത്തക്കവണ്ണം നിരന്തരപരിത്യാഗാഭ്യാസത്തിൻെറ വൈശിഷ്ട്യത്തെക്കുറിച്ച അടുക്കലെടുക്കൽ ഉപദേശം പറയുകയും, പരിത്യാഗം അഭ്യസിക്കാനുള്ള അവസരങ്ങൾ ചൂണ്ടിക്കാണിച്ചുകൊടുക്കയും നീ തന്നെ ആ കാര്യത്തിൽ സന്മാതൃകയായിരിക്കുകയും പ്രശംസാർഹരായി കാണുന്നവരെ രഹസ്യമായും പരസ്യമായും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ടോ? നീതന്നെ സന്ന്യാസക്രമങ്ങളെ വളരെ കാര്യമായി കരുതുകയും ആശാനിഗ്രഹത്തെ വേണ്ടവിധത്തിൽ മതിച്ചു അഭ്യസിക്കയും ചെയ്യാതെ മറിച്ച എന്തെല്ലാം ഉപദേശങ്ങൾ പറഞ്ഞാലും അവകൊണ്ടു യാ

തൊരു പ്രയോജനവുമുണ്ടാവുകയില്ല. പുണ്യാരൂപിയിൽ ജീവിക്കുന്ന കുട്ടികളെ മററുള്ളവർ പരിഹസിക്കുന്നതിനു നീ അനുവദിക്കുകയൊ അവരുടെകൂടെ കളിയായിട്ടുപോലും നീ കൂടുകയൊ ചെയ്യുന്നുണ്ടോ? മറെറല്ലാ കാൎയ്യങ്ങളെക്കാളും കുട്ടികളുടെ പ്രാൎത്ഥനയുടെ സംഗതിയിൽ നീ കൂടുതൽ ശ്രദ്ധപതിക്കുന്നുണ്ടോ? അവർ അങ്ങോട്ടുമിങ്ങോട്ടും നോക്കാതെയും നിവൎന്നും മുട്ടിന്മേൽനിന്നും സാവധാനത്തിലും സ്ഫുടമായും ഭക്തിയോടുകൂടിയും പ്രാൎത്ഥിക്കുന്നതിനു നിഷ്കൎഷിക്കുന്നുണ്ടോ? കുർബാനസമയത്തും മററും പ്രാൎത്ഥനാപുസ്തകങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ടോ? വേണ്ട ഒരുക്കത്തോടുകൂടി വിശുദ്ധ കൂദാശകൾ സ്വീകരിക്കുന്നതിനും അവയ്ക്കുശേഷം ഭക്തിപൂൎവ്വം ഉപകാരസ്മരണചെയ്യുന്നതിനും ഏൎപ്പാടു ചെയ്യുന്നുണ്ടോ? ഈവകസംഗതികളിൽ എന്തെല്ലാം തിരുത്തേണ്ടതുണ്ടെന്നു പരിശോധിക്കുക.

എന്റെ ദൈവമെ, കുട്ടികൾ വേണ്ടവണ്ണം ക്രമം കാക്കുന്നതിനു് ഞാൻ ശരിയായി ശ്രമിക്കാതിരുന്നുപോയി. അക്കാരണത്താൽ പഠനത്തിലും പുണ്യത്തിലും അവൎക്കു വന്നുപോയിട്ടുള്ള ന്യൂനതകളെക്കുറിച്ചു ഞാൻ മനസ്തപിക്കുന്നു. മേലാൽ നല്ല അച്ചടക്കബോധത്തോടുകൂടി അവർ ജീവിക്കത്തക്കവണ്ണം അവരെ പരിശീലിപ്പിക്കുന്നതിനുള്ള അനുഗ്രഹം എനിക്കു തരേണമെ. വിശ്വാസത്തിന്റെ അരൂപിയിൽ അച്ചടക്കബോധത്തോടുകൂടി കുട്ടികൾ ബോർഡിംഗിലും സ്കൂളിലും ജീവിക്കത്തക്കവണ്ണം നിരന്തരം സ്വയനിഗ്രഹമഭ്യസിക്കുന്നതിനു ഉപദേശത്താലും സന്മാതൃകയാലും അവരെ പ്രേരിപ്പിച്ചുകൊള്ളാമെന്നു ഞാൻ പ്രതിജ്ഞചെയ്യുന്നു.

2. നിരന്തരമായ മേൽനോട്ടം (*Supervision*)

സ്കൂളിലും പ്രത്യേകിച്ചു ബോർഡിംഗുകളിലും കുട്ടികൾക്കുണ്ടാകാവുന്നതിൽ ഏററവും വലിയ വിപത്തു അവരുടെ ശുദ്ധതക്കു കേടുവരികയെന്നുള്ളതാണു്. മാമ്മോദീസായിൽ ലഭിച്ച പ്രസാദവരം നഷ്ടപ്പെടുത്താതെ ഒരു മാലാഖയെപ്പോലെ

നിമ്മലനായി ജീവിക്കുന്ന ഒരു കുട്ടിയുടെ ആത്മാവു സവ്വലോകങ്ങളെയുംകാൾ വിലകൂടിയതാണു്. എന്നാൽ അതു വേണ്ടവണ്ണം ഗ്രഹിക്കുകയൊ കാക്കുകയോ ചെയ്യുന്നതിനുള്ള ശക്തി കുട്ടികൾക്കില്ല. അതിനാൽ ആ നിധി കാക്കുന്നതിനുള്ള ഭാരം മുഴുവനും അവരുടെ മേൽനോട്ടം നടത്തുന്നവരുടെതാണു്. അതിനെ ഏങ്ങിനെയെങ്കിലും നശിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അലറുന്ന സിംഹത്തെപ്പോലെ പിശാചു അവസരംനോക്കി ചുററിനടക്കുന്നു. അവൻെറ ഏജൻറന്മാരായി മനുഷ്യവേഷം ധരിച്ചു അനേകം കുട്ടിപിശാചുക്കളും അഹോരാത്രം അതിനായി ശ്രമിക്കുന്നു. അക്കൂട്ടർ ഏതു ബോർഡിംഗിലും കുറെയൊക്കെ ഉണ്ടായെന്നുവരാം. ബാഹ്യലോകവും അശ്ലീലങ്ങളായ ചിത്രങ്ങളാലും പുസ്തകങ്ങളാലും പ്രദശനങ്ങളാലും അശുദ്ധിയിലേക്കു ശുദ്ധാത്മാക്കളെ ശക്തിയായി ആകഷിക്കുന്നു. സ്വന്തജഡം തന്നെയും ശത്രുക്കളോടു ചേന്നുകൊണ്ടു ആത്മാവിനെതിരായി വിപ്ലവമുണ്ടാക്കുന്നു. അകത്തുനിന്നും പുറത്തുനിന്നും ഇത്രയധികം ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട ഒരാത്മാവിനെ ക്ഷതമേല്ക്കാതെ സൂക്ഷിക്കുകയെന്നുള്ള മഹാഭാരമാണു ഒരു ബോർഡിംഗധിപനുള്ളതു്. അയാൾ തനിക്കു ഏൽപ്പിച്ചിരിക്കുന്ന നിധിയുടെ മഹനീയതയും താൻ ഭാരമേററിരിക്കുന്ന ഉത്തരവാദിത്വവും നന്നായിഗ്രഹിച്ചുകൊണ്ടു് വളരെ ഉണർവ്വോടുകൂടി നിരന്തരമായ മേൽനോട്ടം നടത്തണം. അയാളുടെ അശ്രദ്ധയൊ അലസതയൊ കൊണ്ടു ശത്രുവന്നു കുട്ടിയുടെ ആത്മാവിൽ കവച്ച നടത്തുന്നെങ്കിൽ ദൈവതിരുമുമ്പാകെ അയാൾ ഉത്തരം പറയേണ്ടിവരും. അത്രവലിയ അത്യാഹിതം സംഭവിക്കാതിരിക്കുന്നതിനായി മേൽ പറഞ്ഞിരിക്കുന്നവണ്ണം കൃത്യമായ അച്ചടക്കബോധമുണ്ടാക്കുന്നതിനു ശ്രമിക്കുന്നതുകൂടാതെ എല്ലാം സമയത്തും, പ്രത്യേകിച്ചു കുട്ടികൾക്കു അങ്ങോട്ടുമിങ്ങോട്ടും പോകാൻ സ്വാതന്ത്ര്യമുള്ള ഉല്ലാസസമയത്തും അയാൾ അവരുടെ കൂട്ടത്തിൽ ഉണ്ടായിരിക്കാൻ നിഷ്കഷിക്കണം. രണ്ടുപേർ

തമ്മിൽ പ്രത്യേകം പ്രായം കൂടിയ ഒരാളും കുറഞ്ഞ ഒരാളും കൂടി തനിച്ചും രഹസ്യസ്ഥലങ്ങളിലും ദീൎഘമായി സംസാരിക്കുന്നതിന്നു ഒരിക്കലും അനുവദിക്കരുതു്. പ്രത്യേക സ്നേഹവും അടുപ്പവും പൊതുവെ നിരോധിക്കപ്പെടേണ്ടതാണു. ഉല്ലാസസമയത്തുപോലും എന്തെങ്കിലും ആവശ്യത്തിന്നു കൂട്ടത്തിൽനിന്നു പോയാൽ നിവൃത്തിയുള്ളിടത്തോളം വേഗം തിരികെ വരാൻ ഏൎപ്പാടുചെയ്യണം. അന്യരോടു, അദ്ധ്യാപകന്മാരോടുപോലും, രഹസ്യസ്ഥലങ്ങളിൽനിന്നു അധികനേരം സംസാരിക്കാൻ അനുവദിക്കരുതു്. ക്ലാസ്സുസമയം കഴിഞ്ഞാൽ ക്ലാസ്സുമുറികളെല്ലാം പൂട്ടിയിടണം. കളിസ്ഥലത്തേക്കു നിവൃത്തിയുള്ളവർ എല്ലാവരും പോകുന്നതിന്നും എന്തെങ്കിലും കളികളിൽ ഏൎപ്പെടുന്നതിന്നും നിർബന്ധിക്കണം. കൂട്ടത്തിൽ കൂടുന്നതിന്നു സന്തോഷമില്ലാതെയും തുറന്നു സംസാരിക്കാൻ മടിച്ചും അവിടവിടെയായി ഒളിച്ചും മാറിയും നടക്കുന്നവരെ പ്രത്യേകം സൂക്ഷിക്കേണ്ടതായിട്ടുണ്ടു്. അപ്രകാരംതന്നെ ദീനമുറി, പെട്ടിമുറി, കക്കൂസ്സു മുതലായ സ്ഥലങ്ങളിലും നല്ല നോട്ടംവേണം. സംശയം തോന്നുന്ന കുട്ടികളുടെ പെട്ടിയും ഡസ്ക്കും പുസ്തകങ്ങളും ഇടയ്ക്കിടെ പരിശോധിക്കുന്നതും വളരെ ആവശ്യമാണു്. അവിടെനിന്നു അശ്ലീലമായ ഫോട്ടോകളും പുസ്തകങ്ങളും എഴുത്തുകളും മററും കണ്ടുകിട്ടിയെന്നു വരാം. ചുരുക്കത്തിൽ ഒരു ബോർഡിംഗിൽ എത്ര കുട്ടികളുണ്ടോ അത്രയും കണ്ണുകൾ ഒരു ബോർഡിംഗധിപനുണ്ടായിരിക്കണം. മാത്രമല്ല, കുട്ടികൾ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം ആ ദൃഷ്ടി എത്തുകയും വേണം.

കുട്ടികൾക്കു തൃപ്തികരമായ ഭക്ഷണം കൊടുക്കുകയും അമ്മയെപ്പോലെ രോഗശുശ്രൂഷ ചെയ്യുകയും, അവർ ക്രമമായി കളിക്കുന്നതിന്നും കുളിക്കുന്നതിന്നും മററും ഏൎപ്പാടു ചെയ്കയും ചെയ്തു് അവരുടെ ശരീരികരക്ഷ നിൎവ്വഹിക്കുന്നതുകൊണ്ടുമാത്രം നിന്റെ കൎത്തവ്യം നിറവേററി എന്നു നീ വിചാരിക്കുന്നുണ്ടോ? മേല്പറഞ്ഞവയെല്ലാം നീ ചെയ്യേണ്ടതാണെ

കിലും അവരുടെ ആത്മകാര്യങ്ങളാണു് കൂടുതൽ പ്രധാന്യമർഹി
ക്കുന്നതെന്ന വസ്തുത നീ ഓർക്കുന്നുണ്ടോ? സ്വന്ത ഭവനങ്ങ
ളിൽനിന്നു തിന്മയെന്തെന്നു് അറിയാതെ ബോർഡിംഗിൽ
വന്നുചേരുന്ന ബാലാബലകുഞ്ഞുങ്ങൾ അവരുടെ നിർമ്മലത
അന്യൂനമായി കാക്കുന്നതിനു പര്യാപ്തമായ നിരന്തരമേൽനോ
ട്ടം നീ നടത്തുന്നുണ്ടോ? നിനക്കുതനിച്ചു അതു ചെയ്യാൻ
നിവൃത്തിയില്ലെങ്കിൽ നിന്റെ അസാന്നിദ്ധ്യത്തിൽ ആ ജോലി
നിർവ്വഹിക്കുന്നതിനായി ആരെയെങ്കിലും ഏർപ്പെടുത്തുന്നുണ്ടോ?
മററുള്ളവർക്കു നാശകാരണം എന്നു കാണുന്ന കുട്ടികളെ മററെ
ന്തെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടെങ്കിലും ഉടനെതന്നെ ബോർ
ഡിംഗിൽനിന്നു തള്ളിക്കളയുന്നുണ്ടോ? വളരെ ഗൌരവമേറിയ
ഈ സംഗതികളിൽ എന്തെങ്കിലും വീഴ്ചകൾ വരുന്നുണ്ടോ
എന്നു പരിശോധിക്കുക. വേലി വിളവുതിന്നാതിരിപ്പാൻ
നിന്റെ മേൽതന്നെയും നല്ല നോട്ടമുണ്ടായിരിക്കണം.

എന്റെ ഈശോയേ, എന്നെ ഭരമേല്പിച്ചിരിക്കുന്ന കുട്ടി
കളുടെ ശുദ്ധത കാക്കുന്നതിൽ എനിക്കുള്ള ഉത്തരവാദിത്വത്തെ
പററി ചിന്തിക്കുമ്പോൾ ഞാൻ ഭയപ്പെടുന്നു. ചിലപ്പോഴെ
ല്ലാം ഉണ്ടാകുന്നു എന്നു കേൾക്കുന്ന വീഴ്ചകൾക്കു ഞാൻ എന്തു
മാത്രം ഉത്തരവാദിയാകുമെന്നുള്ള ഭയം എന്നെ പരിഭ്രമിപ്പി
ക്കുന്നു. അമലോത്ഭവരാജ്ഞിയെ അശുദ്ധ പിശാചുക്കളോടു
ള്ള പോരാട്ടത്തിൽ അങ്ങു എനിക്കു തുണയായിരിക്കുകയും
എന്റെ കീഴിലുള്ള കുട്ടികളെ ആത്മശരീരശുദ്ധതയോടെ
കാത്തുകൊള്ളുകയും ചെയ്യേണമെ. മേലാൽ എന്റെ നോട്ട
ക്കുറവിനാൽ യാതൊരു കുട്ടിക്കും അബദ്ധം വരാതിരിക്കത്ത
ക്കവണ്ണം കൂടുതൽ ശ്രദ്ധയോടുകൂടി ഇരുന്നുകൊള്ളാമെന്നു
പ്രതിജ്ഞചെയ്യുന്നു.

3, കുമ്പസാരവും ആത്മനടത്തലും:- എല്ലാ ദുർഗ്ഗുണ
ങ്ങളേയും ജയിക്കുന്നതിനും പ്രത്യേകമായി ശുദ്ധത കാക്കുന്ന
തിനും അടുക്കലടുക്കലുള്ള കുമ്പസാരവും ദിവ്യകാരുണ്യസ്വീക

രണവും വളരെ ആവശ്യമാണ്. എന്നാൽ കുമ്പസാരംകൊണ്ടു കൂടുതൽ ഉപകാരമുണ്ടാകുന്നതിന് കുട്ടികൾ ആളുമാറാതെ തുടൎച്ചയായി ഒരാളോടുതന്നെ പരമാൎത്ഥമായി കുമ്പസാരിക്കുന്നതു നന്നാണെന്നുള്ള വിവരം അവരെ ധരിപ്പിക്കണം. കുമ്പസാരിപ്പിക്കുന്ന ആളുകൾ തങ്ങൾ കയ്യേററിരിക്കുന്ന ജോലിയുടെ ഉത്തരവാദിത്വം അനുസരിച്ച് സദുപദേശങ്ങളാൽ കുട്ടികളെ നന്നാക്കുന്നതിനും ഇതു പ്രയോജനകരമാണ്. വളരെ അടുക്കലടുക്കൽ കൂദാശകൾ സ്വീകരിക്കുന്ന ചില കുട്ടികൾ നിരന്തരം അശുദ്ധസംഭാഷണങ്ങളിൽ ഏൎപ്പെടുന്നതും, മോഷണം നടത്തുന്നതും, മററുള്ളവരെ ദൂഷിപ്പിക്കുന്നതും കുമ്പസാരം തക്ക ഒരുക്കത്തോടും സുസ്ഥിരമായ പ്രതിജ്ഞയോടുംകൂടെ നിൎവ്വഹിക്കായ്കമൂലമല്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പലതരത്തിൽ ഉപദേശിച്ചിട്ടും ശാസിച്ചിട്ടും ഫലമില്ലാതെ പലക്കും നാശകാരണമാകുന്ന. കുട്ടിയുടെ പേരു ബോർഡിംഗധിപനെ അറിയിക്കുന്നതിനു കുമ്പസാരിക്കാൻ ചെല്ലുന്ന നിൎഭാഗ്യവാനായ കുട്ടിയെ ദൈവമാൎഗ്ഗനിയമാനുസരണം നിർബന്ധിക്കുന്നതിനു കുമ്പസാരക്കാരനു ഗൌരവമായ കടമയുണ്ടെന്നുള്ള സംഗതി വിസ്മരിക്കാവതല്ല. ഒരൊററ കുട്ടിമതി ഒരു സ്കൂളിനെയോ ബോർഡിംഗിനേയൊ മുഴുവൻ നശിപ്പിച്ച് ദൈവശാപപാത്രമാക്കുന്നതിനു. അതിനാൽ കൂട്ടത്തിനു നാശകാരണമെന്നു പ്രത്യക്ഷത്തിൽ അറിയാവുന്ന താദൃശനരകചെന്നായ്ക്കളെ ഓടിച്ചു കളയുകതന്നെ ചെയ്യണം.

തൻെറ അടുക്കൽ കുമ്പസാരിക്കാൻ വരുന്ന കുട്ടികളെ നിസ്വാൎത്ഥമായി സ്നേഹിച്ചു അവരുടെ ആത്മാവിൻെറ ആവശ്യമനുസരിച്ചുള്ള സദുപദേശങ്ങൾ പറഞ്ഞുകൊടുക്കുവാനും സ്വയം നന്നാക്കുവാൻ ഒരു ശ്രമവും ചെയ്യാത്തവരെ തങ്ങളുടെ കുററത്തിൻെറ ഗൌരവം മനസ്സിലാക്കി ആവശ്യപ്പെട്ടാൽ മേലാൽ കുമ്പസാരിപ്പിക്കുകയില്ലെന്നു ഭയപ്പെടുത്തിപ്പോലും നേർവഴിക്കു തിരിക്കുവാനും കുമ്പസാരക്കാരക്കു കടമയുണ്ടു്. ഈ കടമയനുസരിച്ച് അവർ പ്രവൎത്തിക്കാതിരിക്കുന്നപക്ഷം

പ്രതിജ്ഞയില്ലാത്ത കുമ്പസാരമെന്ന ഭയങ്കര ദൈവദോഷത്തിനു അവർ ഭാഗഭാക്കുകളാകുമെന്നാണു പറയേണ്ടതു്.

കുട്ടികളുടെ സ്നേഹിതനും സംരക്ഷകനുമായ ഈശോയേ, എന്നെയും അവിടുന്നു എനിക്കു ഏല്പിച്ചിരിക്കുന്ന കുട്ടികളേയും പരിശുദ്ധ അമ്മയുടെ വിമല ഹൃദയം വഴിയായി അങ്ങേക്കു സമർപ്പിക്കുന്നു. അവർ അങ്ങേക്കുള്ളവരാകുന്നു. അവരെ നിർമ്മലരായി അങ്ങെ ഹൃദയത്തിൽതന്നെ വച്ചു കാത്തുകൊള്ളണമെ. അവർ അങ്ങയെ അല്പമായിട്ടുപോലും ഉപദ്രവിക്കുന്നതിനനുവദിക്കാതെ അവിടുത്തേപ്പോലെ അവരെ അപകടങ്ങളിൽ കാത്തു സംരക്ഷിക്കുന്നതിനു എന്നെ സഹായിക്കണമെ. അവരിൽ അങ്ങു ജീവിക്കുകയും വളരുകയും പ്രവർത്തിക്കുകയും അവരെ അങ്ങിലേക്കു രൂപാന്തരപ്പെടുത്തി ഓരോരുത്തരേയും ഓരോ മിശിഹാ ആക്കുകയും ചെയ്യണമെ. എന്നിലും അങ്ങെ സ്നേഹഭാജനങ്ങളായ ഈ കുട്ടികളിലും അങ്ങു സൈ്വരമായി വാഴ്ക.

ഉണ്ണിയീശോ ഉയരത്തിലും വിവേകത്തിലും ദൈവത്തിന്റെയും മനുഷ്യരുടേയും മുമ്പിൽ കൃപയിലും വളർന്നുവരുന്നതു സന്തോഷസംതൃപ്തിയോടെ വീക്ഷിച്ചാനന്ദിച്ചുകൊണ്ടിരുന്ന എന്റെ അമ്മേ, അങ്ങെ തിരുക്കുമാരൻ എനിക്കേല്പിച്ചിരിക്കുന്ന അങ്ങെ ഇളയ മക്കളായ ഈ കുട്ടികളുടെ കാര്യത്തിൽ അങ്ങെ അനുഭവംതന്നെ എനിക്കും ഉണ്ടാവാൻ സഹായിക്കണമെ.

## ഉപദേശം

# വിദ്യാപ്രവൎത്തനം

### അതിലുണ്ടാകാവുന്ന ചില അപകടങ്ങൾ

യുവാക്കന്മാരെ പഠിപ്പിക്കുക, എന്നതു് ദൈവസ്തുതിക്കും ആത്മരക്ഷയ്ക്കും അത്യന്താപേക്ഷിതവും ഏതന്മൂലം അത്യൽകൃഷ്ടവും ആയ ഒരു ജോലിയാണെങ്കിലും അതിൽ ഏൎപ്പെടുന്ന സന്യാസികൾ നല്ല മുൻകരുതലോടുകൂടി പ്രവൎത്തിക്കാതിരുന്നാൽ അതു അവരുടെ ജീവിതോദ്ദേശ്യസാദ്ധ്യത്തിനു വലിയ വിഘാതമായി തീരാതിരിക്കയില്ല. മററുള്ളവൎക്കു രക്ഷാമാൎഗ്ഗം ഉപദേശിച്ചുകൊടുത്തശേഷം താൻതന്നെ ശിക്ഷപെട്ടുപോകാതിരിക്കണമെങ്കിൽ വിശുദ്ധ പൌലോസ് ശ്ലീഹാ ചെയ്തതുപോലുള്ള ഒരു സൂക്ഷ്മം അവൎക്കും അത്യാവശ്യമാണു്.

വളരെ നന്മനസ്സുള്ളവൎക്കുപോലും വരാവുന്ന ഒരു വലിയ വിപത്തു ഈവിധം ബാഹ്യപ്രവൎത്തനങ്ങളിലുള്ള അതിരുകവിഞ്ഞ ശ്രദ്ധയാകുന്നു. സൎവ്വപ്രധാനമായി സ്വന്ത പുണ്യപൂൎണ്ണതയ്ക്കുവേണ്ടി ശ്രമിക്കുന്നതിനു തങ്ങൾക്കുള്ള ഗൌരവമായ ചുമതലയെ വിസ്മരിച്ചു മററുള്ളവരുടെ പ്രശംസക്കു പാത്രമാകത്തക്കവണ്ണം പലതും ബാഹ്യസംഗതികളിൽ ഏൎപ്പെട്ടുപോകുവാനിടയുണ്ടു്. പഠിപ്പിക്കുകയെന്നുള്ളതു തങ്ങൾ സ്വമേധയാ ഏറെറടുത്തതല്ലെന്നും, ദൈവസ്ഥാനത്തിലിരിക്കുന്ന അധികാരി തന്നിരിക്കുന്നതാണെന്നും, അതിനാൽ അതിൽ വയ്ക്കുന്ന ശ്രദ്ധ ദൈവതിരുമനസ്സാണെന്നും തന്റെ ഉത്സാഹക്കുറവാൽ കുട്ടികൾ തോററുപോയാൽ ദൈവതിരുമുമ്പാകെ കണക്കുകൊടുക്കേണ്ടിവരും എന്നും മററും അനേകം ന്യായങ്ങൾ കരുതിയായിരിക്കാം അവർ സൎവ്വനേരവും സ്കൂൾകാൎയ്യങ്ങളെക്കുറിച്ചു ചിന്തിച്ചും പ്രവൎത്തിച്ചുംകൊണ്ടിരിക്കുന്നതു്.

ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ജോലി ഉത്സാഹമായി ചെയ്യേണ്ടെന്നൊ ന്യായമായ ശ്രദ്ധ അതിൽ പതിക്കേണ്ടെന്നൊ ആരും പറയുന്നില്ല. പക്ഷെ, അതു സർവ്വപ്രധാനമായി കരുതി ഒന്നാംസ്ഥാനത്തു് പ്രതിഷ്ഠിച്ചിട്ടു് ആദ്ധ്യാത്മിക ചുമതലകൾക്കു രണ്ടാമത്തേയൊ മൂന്നാമത്തേയൊ സ്ഥാനം കൊടുക്കുന്നതിനെക്കുറിച്ചു മാത്രമേ ഇവിടെ തടസ്സം പറയുന്നുള്ളു.

ദൈവസ്തുതിക്കായി ചെയ്യുന്ന ഏതു പ്രവൃത്തിയും ഒരു വിധത്തിൽ പ്രാർത്ഥനയാണെന്നും അതിനാൽ മററു സംഗതികളിൽനിന്നെല്ലാം മനസ്സിനെ മാററി ഏകാഗ്രചിത്തതയോടുകൂടി തനി ദൈവികകാര്യങ്ങളിൽമാത്രം ഏർപ്പെട്ടിരിക്കുന്നതിനായി അത്ര അധികം സമയം വിനിയോഗിക്കേണ്ടയാവശ്യമില്ലെന്നും പറയുന്നവർ ഉണ്ടാകാം. എന്നാൽ ഈ അഭിപ്രായത്തോടു പുണ്യവാന്മാർ ആരും യോജിക്കുന്നില്ലെന്നും പരിശുദ്ധ മാർപ്പാപ്പാമാർ ഈ പ്രകാരമുള്ള അഭിപ്രായത്തെ ശപിക്കുന്നു എന്നും ഉള്ള സംഗതി നമുക്കു വിസ്മരിക്കാവുന്നതല്ല.

പ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകുന്ന അബദ്ധത്തെക്കുറിച്ചു 13-ാം ലെയോൻ മാർപ്പാപ്പാ 1899-ൽ അമേരിക്കയിലെ മെത്രാന്മാൎക്കു മുന്നറിവുകൊടുത്തു. അദ്ദേഹത്താൽ ശപിക്കപ്പെട്ട ആ അബദ്ധം തലപൊക്കുന്നതിനു അന്നുണ്ടായിരുന്ന കാരണങ്ങൾ തന്നെയാണു് ഇന്നും ഉള്ളതു്. അമേരിക്കയിൽ അന്നു ചെയ്തു തീർക്കേണ്ട ജോലി വളരെ അധികം കാണപ്പെട്ടു. വേലക്കാരോ, വളരെ ചുരുക്കമായിരുന്നുതാനും. അതുകൊണ്ടു ആത്മാക്കൾനശിച്ചുപോകുന്നു എന്നുതോന്നി. അതോടെയാണു് അനിവാര്യമായ ഈ പരീക്ഷ ഉണ്ടായതു്. പ്രവർത്തനങ്ങളിൽ ഉദ്യുക്തരായിരുന്നവർ (workers) അവരുടെ ഭക്താഭ്യാസങ്ങളെ ചുരുക്കിയിട്ടു കൂടുതൽ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രമിച്ചുതുടങ്ങി. പ്രവർത്തിക്കുകയെന്നതു പ്രാർത്ഥിക്കുകതന്നെയാണെന്നു അവർ കരുതി. അതുകൊണ്ടു് പ്രവർത്തനങ്ങൾക്കു സമയം കിട്ടുവാൻ പ്രാർത്ഥനയെ ചുരുക്കി. അതിൻെറ ഫലമായി ദൈവൈക്യം ശിഥിലമായി. പ്രവർത്തന

ത്തിനും പ്രവൎത്തകന്റെ ആത്മാവിനും ഒരുമിച്ചു കേടുഭവിച്ചു. ദൈവത്തിനു സ്തുതിയും നഷ്ടപ്പെട്ടു. വിളവധികമെന്നു അവർ കണ്ടു. എന്നാൽ വിളവിന്റെ യജമാനനോടു കൂടുതൽ വേലക്കാരെ അയക്കുന്നതിനപേക്ഷിക്കുന്നതിനുപകരം ഈ അപ്പോസ്തോലന്മാർ' ദൈവത്തിൽ ആശ്രയിക്കാതെ സ്വന്തം പരിശ്രമംകൊണ്ടുതന്നെ മുഴുവൻ കൊയ്ത്തുകളയാമെന്നുവച്ചു. അവരുടെ പരിശ്രമത്തിൽ അവർ അങ്ങനെ നാശത്തെ വരിച്ചു. ഇതാണു പ്രാൎത്ഥനയെ പുറംതള്ളിയിട്ടു പ്രവൎത്തനങ്ങളിൽ കാണിച്ച അമിതാസക്തിക്കു വിരോധമായി കൎക്കശമായ മുന്നറിയിപ്പു നൽകുവാൻ മാൎപ്പാപ്പായെ പ്രേരിപ്പിച്ചതു്.

(An exclusive admiration for Ap: works)

ഫ്രാൻസിൽനിന്നു സന്യാസസഭകളെ ബഹിഷ്കരിച്ചിരുന്ന കാലത്തു് വിദ്യാപ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടിരുന്ന ചില പ്രധാനപ്പെട്ട സന്യാസസഭകൾ ജോലി തുടൎന്നുകൊണ്ടുപോകുന്നതിനുവേണ്ടി അവരുടെ സന്യാസജീവിതാനുഷ്ഠാനങ്ങളെ ഉപേക്ഷിക്കണമെന്നു് ഒരഭിപ്രായം അവൎക്കുണ്ടായി. ഇതു കൂടാതെ ജോലി തുടരുക സാദ്ധ്യമല്ല എന്നുള്ള ഒരു പരിതസ്ഥിതിയായിരുന്നു അന്നുളവായതു്. അവർ 13-ാം ലെയോൻ മാൎപ്പാപ്പായെ സമീപിച്ചു. ഏതാനുംനിമിഷങ്ങൾ ഏകാഗ്രതയിലും പ്രാൎത്ഥനയിലും കഴിച്ചശേഷം അദ്ദേഹം അസന്നിഗ്ദ്ധവും വിശദവുമായ ഒരു മറുപടി നൽകി. അതിപ്രകാരമായിരുന്നു: "ഒരു കാരണത്താലും അങ്ങനെ പാടില്ല. എല്ലാററിനും മുൻപായി സന്യാസവിളിപ്പിന്റെ യഥാൎത്ഥചൈതന്യവും പ്രാൎത്ഥനക്കു താല്പൎയ്യവും ഉള്ളവരുടെ സന്യാസജീവിതത്തെ സംരക്ഷിക്കുക. പ്രാൎത്ഥനാജീവിതവും ഈ വേലകളും ഒരുമിച്ചു നടത്തുന്നതിനു നിങ്ങൾക്കു സാധിക്കുകയില്ലെങ്കിൽ ആവശ്യമെന്നു കാണുന്നപക്ഷം ദൈവം വേറെയാളുകളെ വേലക്കായി അയച്ചുകൊള്ളും. നിങ്ങളൊ എന്നാൽ ദൈവത്തിനുള്ള നിങ്ങളുടെ സമൎപ്പണത്തിന്റെ ഫലങ്ങളെ നഷ്ടപ്പെടുത്തിക്കൊണ്ടു് സ്വദേശത്തു താമസിക്കുന്നതിനേ

ക്കാർ സ്വദേശത്തുനിന്നു ബഹിഷ്കൃതരായിരുന്നാലും നിങ്ങളുടെ ആന്തരികജീവിതവും പ്രധാനമായി പ്രാർത്ഥനകളും പൂജകളും വഴിയായി നിങ്ങളുടെ നാടിനു കൂടുതൽ ഉപകരിക്കും."

പുണ്യശ്ലോകനായ 10-ാം പീയൂസ് മാർപ്പാപ്പായും ഏതാത്ഭുതമായ ഒരു മുന്നറിയിപ്പ് വിദ്യാഭ്യാസജോലിയിൽ ഏർപ്പെട്ടിരുന്ന ഒരു വലിയ സ്ഥാപനത്തിനു നൽകുകയുണ്ടായി. "കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനത്തിനു ഒന്നാം സ്ഥാനവും സന്യാസാനുഷ്ഠാനങ്ങൾക്കു രണ്ടാമത്തെ സ്ഥാനവും കൊടുത്താൽ മതി എന്ന അഭിപ്രായം നിങ്ങളുടെ ഇടയിൽ പ്രചരിച്ചുവരുന്നതായി നാം അറിയുന്നു. ഇന്നത്തെ ആവശ്യം ഇതാണെന്നുള്ള ന്യായേന ഇങ്ങനെയുള്ള യാതൊരഭിപ്രായവും നിങ്ങൾക്കോ വിദ്യാഭ്യാസ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വേറെ ഏതെങ്കിലും സ്ഥാപനത്തിനോ ഉണ്ടാകരുതെന്നു നിരുപാധികമായി നാം ആഗ്രഹിക്കുന്നു. തന്നിമിത്തം വിദ്യാഭ്യാസജോലിയിൽ ഏർപ്പെട്ടിരിക്കണമെന്നുള്ള ഒരു ഗൌരവമായ കടമ നിങ്ങളുടെ അയല്ക്കാരനോടു നിങ്ങൾക്കുണ്ടെങ്കിൽ അതിനേക്കാൾ വളരെ കൂടുതൽ ഗൌരവമുള്ള ചുമതലകളാണ് സന്യാസികളെന്നനിലയിൽ ദൈവത്തോടു നിങ്ങൾക്കുള്ളതു് എന്നു് എല്ലാവരും അവസാനമായി മനസ്സിലാക്കിയിരിക്കണം."

അദ്ദേഹംതന്നെ വേറൊരവസരത്തിൽ പറയുന്നു "പ്രഥമവും പ്രധാനവുമായി സന്യാസജീവിതാനുഷ്ഠാനത്തിൽ ശ്രദ്ധിക്കുക. മററുകാര്യങ്ങളിൽ വ്യാപൃതരായി പുണ്യപൂർണ്ണതയിലേക്കു നയിക്കുന്ന അഭ്യസനങ്ങളെ അവഗണിക്കുക എളുപ്പമാണ്. അയൽക്കാർക്കുവേണ്ടി അദ്ധ്വാനിക്കുന്നതിനാൽത്തന്നെ നമ്മുടെ ജീവിതവിശുദ്ധിയെ പുരോഗമിപ്പിക്കുന്നു എന്നു വിശ്വസിക്കുന്നതിനും അങ്ങനെ നമ്മെതന്നെ വഞ്ചിക്കുന്നതിനും എളുപ്പമാണു്. ഈ തെററായ ന്യായത്താൽ നിങ്ങൾ തട്ടിക്കപ്പെട്ടുപോകരുതു്. ഇല്ലാത്തതുകൊടുക്കുവാൻ ആർക്കും സാധി

ക്കുകയില്ല. നമ്മെത്തന്നെ വിശുദ്ധീകരിക്കുന്നതിൽ ശ്രദ്ധിക്കാതെ നമുക്കു അന്യരെ വിശുദ്ധീകരിക്കാൻ കഴികയില്ല.”

“ധ്യാനപരമായ ജീവിതംകഴിക്കാത്ത യാതൊരു പട്ടക്കാരനും ആത്മാക്കളുടെ സംരക്ഷണജോലിക്കു അർഹതയില്ല.” എന്നു വിശുദ്ധ ഗ്രീഗോരിയോസ് പറയുന്നതും ശ്രദ്ധേയമാണു്.

അമിതമായ ബാഹ്യവേലകൾ ഭക്തിയുടെ, അതായതു ശരിയായ ദൈവശുശ്രൂഷയുടെ പരമശത്രുവാണെന്നത്രെ വിശുദ്ധ ഫ്രാൻസിസു സാലേസു പറയുന്നതു്. ഇതു സംബന്ധിച്ചു ഈ ഇരുപതാം നൂറ്റാണ്ടിൽതന്നെ ജീവിച്ചിരുന്ന ഫാദർ ഡോയിൽ പറയുന്നു: “ദൈവസ്തുതിക്കായി എന്തദ്ധ്വാനംപോലും ചെയ്യുന്നതിനുള്ള സന്നദ്ധതയോടുകൂടി ബാഹ്യജോലികൾക്കുവേണ്ടി തങ്ങളെത്തന്നെ മുഴുവനായി അർപ്പിക്കുന്നവർ തങ്ങൾ അറിയാതെതന്നെ മരണകരമായ ഒരു മഹാവിപത്തിൽ തങ്ങളെ വക്കുകയാണു ചെയ്യുന്നതു്. തന്മൂലം നല്ല ശുഷ്കാന്തിയുള്ളവരെ ഇതിനായി പ്രേരിപ്പിക്കുന്നതിനു പിശാചുപോലും പണിപ്പെട്ടുന്നുണ്ടു. ബാഹ്യപ്രവർത്തനങ്ങൾ തന്നിൽതന്നെ എത്ര നല്ലവരായിരുന്നാലും അവ അധികമായിപ്പോയാൽ ദൈവൈക്യത്തിനു അത്യന്താപേക്ഷിതമായ വിശ്രമസമന്വിതമായ സമാധാനത്തിനു് അതു വിഘാതമായി തീരുമെന്നുള്ള വസ്തുത പുണ്യജീവിതത്തിൽ അല്പപരിചയംമാത്രം സിദ്ധിച്ചിട്ടുള്ളവർക്കുപോലും അറിയാവുന്നതാണു്.

“ദൈവൈക്യത്തിൽ വളരെ പുരോഗതി പ്രാപിച്ചിട്ടുള്ള മഹാ പുണ്യവാന്മാർ തങ്ങൾ ഏർപ്പെട്ടിരുന്ന ജോലികൾ എത്ര വിപുലവും അന്യ ചിന്തകൾക്കിടം കൊടുക്കുന്നവയും ആയിരുന്നാലും അവയെല്ലാം യാതൊരു ഭക്തിമാന്ദ്യത്തിനും അവസരം കൊടുക്കാതെ നിർവ്വഹിച്ചിട്ടുണ്ടെന്നുള്ളതു ശരിതന്നെ. എന്നാൽ നിരന്തര ദൈവസാന്നിദ്ധ്യസ്മരണവഴിയായി വെറും ബാഹ്യമായ ലൌകിക കാര്യങ്ങളാകുന്ന തിരമാലകളുടെമീതെ കടന്നുപോകുന്നതിനു അവർക്കു പ്രാപ്തി

യുണ്ടായിരുന്നു എന്നും ക്ഷണികങ്ങളായ ലൌകിക വ്യവഹാരങ്ങളിൽ അവരുടെ ശ്രദ്ധ മുഴുവനായി പതിക്കുകയൊ അവയിൽ മുഴുകിപ്പോകുകയൊ ചെയ്യാതിരിക്കത്തക്കവണ്ണം അവർ പുണ്യത്തിൽ അത്ര അടിഉറച്ചവരായിരുന്നുവെന്നുമുള്ള വസ്തുത നാം വിസ്മരിക്കരുതു്. പുണ്യത്തിൽ ഗണ്യമായ അഭിവൃദ്ധി പ്രാപിച്ചിട്ടില്ലാത്തവരുടെ കാര്യം അങ്ങനെയല്ല. അത്യദ്ധ്വാനം ബലഹീനരായ അനേകംപേരുടെ കായികാരോഗ്യത്തെ ശിഥിലീഭവിപ്പിക്കുന്നുണ്ടെങ്കിൽ അതു അതിനെക്കാൾ വളരെ കൂടുതൽ ആത്മാക്കളെ നശിപ്പിക്കുന്നുണ്ടെന്നു സമ്മതിക്കണം. ജോലിപ്പെരുപ്പം അവരുടെ പ്രാർത്ഥനാരുചിയെയും ദൈവസ്നേഹത്തെയും നിശ്ശേഷം നശിപ്പിക്കുന്നില്ലെങ്കിൽ തന്നെയും അവയെ തീരെ ഉണക്കിക്കളയുന്നു. തന്മൂലം ഒന്നാംതരം വിശുദ്ധന്മാരായി തീരേണ്ട അനേകംപേർ തങ്ങളുടെ ലക്ഷ്യം പ്രാപിക്കുന്നതിനു മുൻപുതന്നെ മാർഗ്ഗമദ്ധ്യെ അന്തരിച്ചുപോകുന്നു. അവരുടെ നഷ്ടശിഷ്ടങ്ങൾ ജീവൻെറ വഴിയരികിൽ ധാരാളം ചിതറിക്കിടക്കുന്നതായി കാണാം. തങ്ങളുടെ കിഴിലുള്ളവരുടെ ആദ്ധ്യാത്മികാഭിവൃദ്ധിയെക്കാൾ കൂടുതലായി അവർ നടത്തുന്ന ബാഹ്യസംരംഭങ്ങളുടെ വിജയം കാംക്ഷിച്ചുകൊണ്ടു്, താങ്ങാൻപാടില്ലാത്ത ചുമടു അവരുടെമേൽ കെട്ടിവയ്ക്കുന്ന അധികാരികൾ ഒരു വലിയ ഉത്തരവാദിത്വമാണു ഭാരമേല്ക്കുന്നതു്"

ഫാദർ ഡോയിലൻെറ ഈ പ്രസ്താവനയിൽനിന്നു ആദ്ധ്യാത്മിക കാര്യങ്ങൾക്കുവേണ്ട സമയവും സാവകാശവും കൊടുക്കാതെ നിരന്തരം ബാഹ്യവേലകളിൽ ഏർപ്പെട്ടിരിക്കുന്നതു എത്ര ആപൽക്കരമാണെന്നു മനസ്സിലാക്കാമല്ലൊ. സ്കൂൾ കാര്യങ്ങളെല്ലാം വളരെ സ്തുത്യർഹമായി നടത്തണമെന്നുള്ള ഏക ലാക്കോടുകൂടി അഹോരാത്രം ബുദ്ധിമുട്ടുന്നവർ മേല്പറഞ്ഞ ആപത്തിൽ അല്ലയൊ കഴിഞ്ഞുകൂടുന്നതെന്നു അവധാനപൂർവ്വം ചിന്തിച്ചുനോക്കേണ്ടതാണു്. കുർബാന, കാനോനനമസ്കാരം, കൊന്ത മുതലായവയെല്ലാം എത്ര ധൃതിയിലാണു

ഇവർ നിർവ്വഹിക്കുന്നതു? എത്ര നിസ്സാര കാരണങ്ങളെക്കുറിച്ച് ജ്ഞാനവായന ഉപേക്ഷിക്കുന്നു? ഉച്ചക്കുള്ള ആത്മശോധനകഴിക്കുകതന്നെ ചെയ്യുന്നുണ്ടോ? രണ്ടുനേരത്തേയും ധ്യാനത്തിൻെറ മുഴുവൻ സമയവും പ്രാർത്ഥനമുറിയിൽ കഴിച്ചുകൂട്ടുന്നുണ്ടോ? ഉണ്ടെങ്കിൽതന്നെ അതു പലപ്പോഴും ഭക്തിമാന്ദ്യത്തോടും പലവിചാരങ്ങളോടും കൂടിയല്ലയോ? ഇടയ്ക്കിടെയെങ്കിലും അന്യചിന്തകളെ മാററിവച്ചുകൊണ്ടു ഹൃദയത്തിൽ കുടികൊള്ളുന്ന ഈശോയോടു അവിടത്തെ കാര്യങ്ങളെക്കുറിച്ചു സൈ്വരസല്ലാപം ചെയ്യുന്നതിനുള്ള ക്ഷമയൊ സമയമൊ സൌകര്യമൊ നിനക്കു ലഭിക്കുന്നുണ്ടോ? അന്തരംഗജീവിതം നയിക്കുന്നവക്കു അനുഭവപ്പെടാറുള്ള ഭക്തിതീക്ഷ്ണതയും ദൈവസ്നേഹത്തെപ്രതി എന്തും ത്യജിക്കുന്നതിനും സഹിക്കുന്നതിനും ഉള്ള സന്നദ്ധതയും ഉണ്ടൊ എന്നെല്ലാം പരിശോധിക്കുന്നതു ഉപകാരപ്രദമായിരിക്കും.

ഒന്നാമതു സന്യാസി രണ്ടാമതുമാത്രം അദ്ധ്യാപകൻ എന്നൊരു ദൃഢബോദ്ധ്യം നമുക്കു വരുന്നുണ്ടെങ്കിൽ പിന്നെയൊന്നും ഭയപ്പെടാനില്ല. എന്നാൽ അക്കാര്യം നാം പലപ്പോഴും വിസ്മരിച്ചുപോകുന്നു. ഇന്ദ്രിയഗോചരവും ബാഹ്യവുമായി എന്തെങ്കിലും എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നതിനുള്ള സ്വാഭാവികചാച്ചിലും, അവ പരാജയമടയുന്നപക്ഷം കേൾക്കേണ്ടിവരുന്ന ആക്ഷേപത്തെപററിയുള്ള ഭയവും, മറിച്ചു ശുഭമായി കലാശിച്ചാൽ ലഭിക്കുമെന്നു പ്രതിക്ഷിക്കുന്ന പ്രശംസയും എല്ലാം ബാഹ്യജോലികൾ നന്നായി ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നു. അദ്ധ്യാത്മിക കാര്യങ്ങളൊ എന്നാൽ മററുള്ളവരുടെ ദൃഷ്ടിയിൽ പെടാതിരിക്കുന്നതുകൊണ്ടും അവയുടെ ജയാപജയങ്ങൾക്കുള്ള സമ്മാനമൊ ശിക്ഷയൊ ഉടനെ ഉണ്ടാകാത്തതുകൊണ്ടും അവ ശരിയായി നിർവ്വഹിക്കുന്നതിനു നമ്മോടുതന്നെ നിരന്തരം ബലം പ്രയോഗിക്കേണ്ടതുകൊണ്ടും നാം ഏറക്കുറെ ത്യാജ്യകോടിയിൽ തള്ളികളഞ്ഞെന്നുവരാം. ഇതു എത്ര പരിതാപകരമായ ഒരവസ്ഥയാണെന്നു മരണശേഷം

മാത്രമെ നാം വേണ്ടവണ്ണം ഗ്രഹിക്കയുള്ളൂ. അനു നിഷ്പ്രയോജനമായി ഭേദിക്കാതിരിക്കുന്നതിനു ഇപ്പോൾതന്നെ നാം വേണ്ട മുൻകരുതലുകൾ ചെയ്യേണ്ടതാണ്.

അദ്ധ്യാത്മികകാര്യങ്ങൾക്കുള്ള സമയം അപഹരിക്കപ്പെട്ടു പോകുകയൊ അല്ലെങ്കിൽ അവയ്ക്കു ഏററവും അസൌകര്യമുള്ള സമയം നീക്കിവയ്ക്കുകയൊ ചെയ്യുന്നതിനു ഇടയാകുന്ന സാഹചര്യങ്ങൾ എന്താണെന്നു നമുക്കു നോക്കാം. പഠിപ്പിക്കുന്ന ആളുകൾക്കു പാഠം ഒരുങ്ങുന്നതിനു പലപ്പോഴും ധാരാളം സമയം ആവശ്യമാണെന്നും കൂട്ടക്രമങ്ങളിൽ എല്ലാം കൃത്യമായി സംബന്ധിക്കുന്നതിനു അതു വിഘാതമാണെന്നും സമ്മതിക്കാതിരിക്കാൻ നിവൃത്തില്ല. അതുകൊണ്ടത്രെ കർമ്മലീത്താ സഭക്കാരുടെ നിയമത്തിൽ "പഠിപ്പിക്കുന്നവർക്കു പാഠത്തിനു ഒരുങ്ങുന്നതിനായി, ആശ്രമശ്രേഷ്ഠൻ കർത്താവിങ്കൽ തനിക്കു കൊള്ളാമെന്നു തോന്നുന്നതുപോലെ ധ്യാനവും ആത്മശോധനയുമൊഴിച്ചുള്ള കൂട്ടത്തിനടുത്ത പ്രവൃത്തികളിൽനിന്നു അവരെ ഒഴിച്ചു തക്കനേരം നിശ്ചയിച്ചുകൊടുക്കണം" എന്നു ആനുശാസിച്ചിരിക്കുന്നതു്. സഭവകപാനഗൃഹങ്ങളെ ഉദ്ദേശിച്ചുള്ള പ്രസ്തുത നിയമം ഗവമ്മെണ്ടുനിയമംകൂടി അനുസരിച്ചുള്ള സമയം നോക്കേണ്ട സ്കൂളുകളേയും ബാധിക്കുമെന്നു വിചാരിക്കാവുന്നതാണ്. അതിനാൽ കാനോനികജപങ്ങളുടേയൊ, ജ്ഞാനവായനയുടെയൊ സമയം ആവശ്യാനുസരണം മാററുന്നതു ക്രമവിരുദ്ധമല്ല. പക്ഷെ അവ അവയുടെ പ്രാധാന്യം അർഹിക്കുന്നതുപോലെയുള്ള സാവകാശത്തോടും ഭക്തിയോടും ശ്രദ്ധയോടുംകൂടി നടത്തുന്നതിൽനിന്നു യാതൊരു നിയമവും നമ്മെ ഒഴിവാക്കുന്നില്ല. ധൃതി ഭക്തിയുടെ പരമശത്രുവായതുകൊണ്ടു ഇതെല്ലാം എങ്ങിനെയെങ്കിലും ആവശ്യമുള്ള സമയം നാം കണ്ടുപിടിക്കണം. നമ്മുടെ ജ്ഞാനാഭ്യാസങ്ങൾക്കുള്ള സമയം ഒരു കാരണവശാലും കുറക്കരുതു്. 1945-ൽ ആസ്ത്രേലിയൻ പ്രധാന മന്ത്രിയായിരുന്ന മി. ജോസഫ് ബെനഡിക്ററ

ചിഫ്‌ളി രാവിലെ ഒൻപതുമണിക്കു ശേഷമല്ലാതെ യാതൊരു ഔദ്യോഗികചുമതലകളും അവ എത്രതന്നെ അത്യാവശ്യമുള്ളവയായിരുന്നാലും നിർവ്വഹിക്കുമായിരുന്നില്ല. ദിനംപ്രതി വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുകയും ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്യണമെന്നുള്ള ഒരു സ്ഥിരപ്രതിജ്ഞ പാലിക്കുന്നതിനാണു് അപ്രകാരം ചെയ്തിരുന്നതു്. (Cfr. Examiner 20th. Oct. 1945. Page 501.)

എന്നാൽ കൂടുതൽ സമയം സൃഷ്ടിക്കുക അസാദ്ധ്യമാകയാൽ ഉള്ള സമയത്തിന്റെ വിനിയോഗം നിയന്ത്രിക്കുന്നതിനുമാത്രമേ നിവൃത്തിയുള്ളു. അതിനു ഏററവും പററിയമാർഗ്ഗം ചിന്തിക്കയും പ്രാർത്ഥിക്കയും ചെയ്തശേഷം ദൈവസഹായത്തോടുകൂടിയും ആത്മപിതാവിന്റെയും മേലധികാരിയുടെയും അംഗീകരണത്തോടുകൂടിയും ഒരു സമയവിവരപ്പട്ടിക സ്വന്തമായി ഉണ്ടാക്കി സനിഷ്കർഷം അനുസരിക്കുകയെന്നുള്ളതാണു്. അതിൽ ആദ്ധ്യാത്മിക കർത്തവ്യങ്ങൾക്കു ഒന്നാംസ്ഥാനവും സ്കൂൾ സംബന്ധമായ കാര്യങ്ങൾക്കു രണ്ടാം സ്ഥാനവും കൊടുക്കണം. ബാക്കി സംഗതികളെല്ലാം അവയ്ക്കു ശേഷമേ വരാവൂ. ദൈവസ്തുതിക്കും ആത്മരക്ഷക്കും ഉപകരിക്കുന്ന മററനേക സംഗതികൾ ചെയ്യപ്പെടേണ്ടതായിട്ടു നമ്മുടെ ചുററും നാം കണ്ടെന്നുവരാം. അവയെല്ലാമോ, അവയിൽ ചിലതെങ്കിലുമോ ഏറെറടുത്തുനടത്തിയാൽ കൊള്ളാമെന്നുള്ള വലിയ ഒരാശയും നമുക്കുണ്ടാകുക സാധാരണയാണു്. എന്നാൽ നമുക്കു് ഏല്പിക്കപ്പെട്ടിരിക്കുന്നജോലിക്കു വിഘാതമായിവരാവുന്ന യാതൊരു ജോലിയും, അവ സ്വതേ എത്ര വിശേഷമായി തോന്നിയിരുന്നാലും സ്വമേധയാ നാം ഏറെറടുക്കരുതു്. ദൈവസ്തുതിക്കും ആത്മരക്ഷക്കും വളരെ ഉപകരിക്കുന്നതാകയാൽ അവ നാം എങ്ങിനെയെങ്കിലും നടത്തേണ്ടതാണെന്നുപോലും നമുക്കു തോന്നിയെന്നു വരാം. ആ പ്രലോഭനങ്ങളെല്ലാം ധൈര്യപൂർവ്വം ജയിച്ചടക്കി കർത്തവ്യനിരതരായി ഏകാഗ്രചിത്തതയോടുകൂടി നാം മുമ്പോട്ടു പോകണം. നമ്മുടെ

കർത്താവീശോമിശിഹാപോലും ലോകം മുഴുവൻ തനിക്കു രക്ഷിക്കാനുണ്ടെന്നു കണ്ടിരുന്നിട്ടും എല്ലാ ഭൂഖണ്ഡങ്ങളിലും ചുററി നടന്നു സകലജാതിജനങ്ങളോടും നേരിട്ടു സുവിശേഷം അറിയിക്കുന്നതിനു പ്രാപ്തി ഉണ്ടായിരുന്നിട്ടും വേണമെങ്കിൽ ശിശുപ്രായം മുതൽ പ്രസംഗിക്കാമായിരുന്നു എന്നു വരികിലും പിതാവിൻെറ ഇഷ്ടം നിറവേററുന്നതിനായി ലോകത്തിൻെറ ഒരു കോണിൽമാത്രം ഒരു ജനവിഭാഗത്തോടുമാത്രം അതും ഒരു ചുരുങ്ങിയ കാലത്തേക്കുമാത്രം തൻെറ ദിവ്യസന്ദേശം അറിയിക്കുന്നതുകൊണ്ടു തൃപ്തിപ്പെട്ടു എന്നുള്ള സംഗതി അതിശുഷ്കാന്തിയുള്ളവർ നിയന്ത്രിക്കുന്നതിനു പര്യാപ്തമാകേണ്ടതാണ്.

അതിശുഷ്കാന്തിപോലെതന്നെ വർജ്ജനീയമാണ് തനിക്കു ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ജോലിയോടു നേരിട്ട് ബന്ധമില്ലാത്ത യാതൊരു സംഗതിയിലും താൻ ഇടപെടുകയില്ലെന്നുള്ള ദൃഢനിശ്ചയവും. ഇങ്ങനെയുള്ളവർ വൈദികരെങ്കിൽ കുമ്പസാരിപ്പിക്കുക, പള്ളിയിൽ പ്രസംഗം പറയുക, ധ്യാനിപ്പിക്കുക മുതലായ സംഗതികളിൽനിന്നു നിശ്ശേഷം ഒഴിഞ്ഞുമാറി നടന്നുവെന്നുവരാം. എന്നാൽ സ്വന്തപുണ്യാഭിവൃദ്ധിക്കു മേല്പറഞ്ഞ സംഗതികൾ വളരെ സഹായിക്കുമെന്നുമാത്രമല്ല, അവയെല്ലാം ഉപേക്ഷിച്ചു സ്കൂൾകാര്യങ്ങളിൽ മാത്രം വ്യാപൃതരായി നടന്നാൽ അങ്ങനെയുള്ളവരുടെ ഹൃദയം ആദ്ധ്യാത്മികമായി വളരെ ശുഷ്കിച്ചുപോകാനും എളുപ്പമുണ്ടു്. അതിനാൽ ഈവക സംഗതികൾക്കുകൂടി കുറെ സമയം അനുവദിക്കത്തക്കരീതിയിൽ മാത്രമേ സമയവിവരപ്പട്ടിക നിർമ്മിക്കാവൂ. സ്കൂൾജോലികളിൽ മുഴുവനായി വ്യാപൃതരാകാതെ വൈദികസന്യാസചുമതലകളും കുറെയെങ്കിലും നിർവ്വഹിക്കണം. 1922-നും 1931-നും ഇടയ്ക്കു പലപ്രാവശ്യം ആസ്ത്രിയൻ പ്രധാനമന്ത്രിയായിരുന്നിട്ടുള്ള വിശ്വവിഖ്യാതനായ മോൺ. സീപ്പെൽ സർവ്വപ്രധാനമായി കരുതിയിരുന്നതു് തൻെറ വൈദിക കടമകൾ ആയിരുന്നു. അടിയന്തിരമായ രാഷ്ട്രീയ

കൎത്തവ്യങ്ങൾ ഉണ്ടായിരുന്നപ്പോൾപോലും ഒരു വിവാഹകൎമ്മം നടത്തിക്കൊടുക്കുന്നതിനൊ ജ്ഞാനസ്നാനം നൽകുന്നതിനൊ ശവസംസ്കാരത്തിൽ സംബന്ധിക്കുന്നതിനൊ മററൊ ഉള്ള സന്ദൎഭം ഉണ്ടായാൽ മററു ജോലികൾ നീട്ടിവച്ചുകൊണ്ടു ആദ്യം ആ വൈദികകൎമ്മങ്ങൾക്കായി അദ്ദേഹം പോയിരുന്നു. പ്രതിദിനം രാവിലെ കുറെസമയം ജനങ്ങളുടെ പാപസങ്കീൎത്തനം കേൾക്കുന്നതിനും ചെലവഴിച്ചിരുന്നു. (Cfr. ഉജ്വലതാരങ്ങൾ Part I Page. 42 & 43.)

അതിശ്രുഷ്കാന്തിയാൽ അനേകം ജോലികളിൽ ഏൎപ്പെട്ടു സമയം കളയുന്നതുപോലെതന്നെ നാം പഠിപ്പിക്കുന്ന കുട്ടികളോടൊ അവരെ കാണ്മാൻവരുന്നവരോടൊ അനാവശ്യമായി വളരെനേരം സംസാരിച്ചിരുന്നു് നമ്മുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുന്നതിനും, അറിഞ്ഞിട്ടാവശ്യമില്ലാത്ത ബാഹ്യകാൎയ്യങ്ങൾ തലയിൽകയററി പ്രാൎത്ഥനാരൂപിനശിപ്പിച്ചുകളയുന്നതിനും മററും വളരെ എളുപ്പമുണ്ടു്. ലൌകികരോടു നന്നാ ചുരുക്കമേ സംസാരിക്കാവൂ. അതും അവരുടെ ആത്മരക്ഷയെക്കുറിച്ചായിരിക്കണം എന്നുള്ള വിശുദ്ധ അമ്മത്രേസ്യായുടെ ഉപദേശം സ്കൂൾജോലിക്കാരേയും ബാധിക്കുന്നതാണെന്നുള്ള കാൎയ്യം വിസ്മരിക്കാവുന്നതല്ല. അതിനാൽ അനാവശ്യസംസാരത്തിനും തൻമൂലമുള്ള ബോധപ്പകൎച്ചകളും മററും ഇടം കൊടുക്കാതിരിക്കുന്നതിനായി ക്ലാസുസമയത്തോടുകൂടിമാത്രം സ്കൂളിലേക്കു പോവുകയും ആവശ്യംകഴിഞ്ഞാലുടൻതന്നെ ആശ്രമത്തിലേക്കു് മടങ്ങുകയും ചെയ്യുകയാണു വേണ്ടതു്.

ഇപ്രകാരം ചെയ്യുന്നതുകൊണ്ടു് പ്രത്യേകസ്നേഹമെന്ന മറെറാരു വലിയ തിന്മയേയും തടയാൻ നമുക്കു സാധിക്കും. നമുക്കു ചില കുട്ടികളോടു സ്വാഭാവികമായിതന്നെ ഒരു താല്പൎയ്യം തോന്നി എന്നു വരാവുന്നതാണു്. അവരുടെ സഹവാസം നാം ആഗ്രഹിക്കുന്നതിനാൽ അവൎക്കു പാഠങ്ങൾ പറഞ്ഞുകൊടുക്കുന്നതിനും ആദ്ധ്യാത്മികോപദേശം നൽകുന്നതിനും നാം അവസരം കണ്ടുപിടിക്കുകയും അതിനായി വില

യേറിയ വളരെ സമയം ചിലവഴിക്കുകയും ചെയ്യുന്നവരാം. വെറും സ്വാഭാവിക ചാച്ചിലാൽ പ്രേരിതമാകുന്ന ഈ തരം സഹവാസം വളരെ ആപൽക്കരമായി തീരാമെന്നാണു ആദ്ധ്യാത്മികപട്ടുക്കളുടെ അഭിപ്രായം. ഇനിയും പക്ഷെ അത്ര വലിയ അപകടം ഉണ്ടായില്ലെങ്കിൽതന്നെയും ചിലരോടു കാണിക്കുന്ന പ്രത്യേകത പലക്കു നമ്മോടു ഉണ്ടായിരിക്കേണ്ട സ്നേഹവും ബഹുമാനവും നശിപ്പിച്ചുകളയുമെന്നതു് തീച്ചയാണു്. അതിനാൽ നമ്മെപ്പറ്റി ഏതദ്വിഷയത്തിൽ ന്യായമായൊ അന്യായമായൊ യാതൊരു കുററാരോപണത്തിനും ഇടവരാതിരിക്കുന്നതിനു എത്രതന്നെ സൂക്ഷിച്ചാലും അധികമായിപ്പോകയില്ല.

നിവൃത്തിയുള്ളിടത്തോളം കുട്ടികൾക്കു ട്യൂഷൻ കൊടുക്കുന്ന ഭാരവും അമിതമായ ആത്മനടത്തൽ ഭാരവും നാം കൈയേൽക്കാതിരിക്കുകയാണു നന്നു്. ഒന്നാമതുതന്നെ നാം അവശ്യം നിവ്വഹിക്കേണ്ട ആദ്ധ്യാത്മികകത്തവ്യങ്ങൾ അവയർഹിക്കുന്ന വിധം സാവധാനത്തിലും സാവകാശത്തിലും നടത്തിയതിനു ശേഷം വളരെ ശ്രമിച്ചാൽ മാത്രമേ അന്നന്നേയ്ക്കുള്ള പാഠങ്ങൾ ഒരുക്കുന്നതിനുള്ള സമയംതന്നെ നമുക്കു ലഭിക്കുകയുള്ളൂ. ആ സ്ഥിതിക്കു നിരന്തരമായ ഒരു ട്യൂഷൻകൂടി നാം ഏറെറടുക്കുന്നപക്ഷം അതു നമ്മുടെ ഏകാന്തതക്കും പുണ്യഭ്യാസങ്ങൾക്കും, ഏൾപ്പിക്കപ്പെട്ടിരിക്കുന്ന 'ജോലികൾക്കും മററും വിഘാതമായി വരാതിരിക്കുകയില്ല. ഇനി വല്ലപ്പോഴും വല്ലവക്കും വല്ലതും പറഞ്ഞുകൊടുക്കേണ്ടതായി വരുന്നപക്ഷം കഴിയുന്നിടത്തോളം ആ ക്ലാസ്സിൽ പഠിക്കുന്ന വേറെ ഒന്നു രണ്ടുകുട്ടികളെക്കൂടി വിളിച്ചു എല്ലാവക്കുംകൂടി പറഞ്ഞുകൊടുക്കുന്നതാണു കൂടുതൽ നല്ലതു്. ഒരാളെക്കൊണ്ടു സ്കൂൾസംബന്ധമായൊ മറെറാ വല്ല ജോലി ചെയ്യിക്കേണ്ടിവരുമ്പോഴും അയാളെ സഹായിക്കാനെന്നൊ മറേറാ ഉള്ള ന്യായേന എങ്ങനെയെങ്കിലും ഒന്നു രണ്ടു കുട്ടികളെക്കൂടി വിളിക്കുകയാണു നന്നു്. എന്തെങ്കിലും തക്കകാരണത്താൽ ആക്കെങ്കിലും

ദീർഘമായി രഹസ്യോപദേശം കൊടുക്കേണ്ടതായി വരുന്ന പക്ഷം ഇരുട്ടത്തോ നമ്മെ മററുള്ളവർക്ക കാണാൻ സൌകര്യമില്ലാത്ത സ്ഥലങ്ങളിലൊ വച്ച അങ്ങനെ ചെയ്യാതിരിക്കുന്നതാണു നല്ലതു്.

ഇനി, നമ്മുടെ സൂക്ഷക്കുറവിനാൽ നമ്മുടെ അധീനത്തിലുള്ള അദ്ധ്യാപകന്മാർക്കും കുട്ടികൾക്കും സംഭവിക്കാവുന്ന ചില അപകടങ്ങളെ കുറിച്ചുകൂടി ചിന്തിക്കാം. വൈദികരോട്ടും സന്ന്യാസികളോട്ടും എത്രമാത്രം അടുക്കുന്നുവോ അത്രമാത്രം അവരോടുള്ള മതിപ്പ കുറഞ്ഞുപോകയും മതത്തോടുള്ള വിദ്വേഷം വർദ്ധിച്ചുവരുകയുംചെയ്യുന്നു എന്നു ചിലർ പറയാറുണ്ടു്. ആ പ്രസ്താവന തീരെ അടിസ്ഥാനരഹിതമാണെന്നു പറയാൻ നിവൃത്തിയില്ല. വെറും ലൌകികരിൽനിന്നു പ്രതീക്ഷിക്കുന്നതിനെക്കാൾ വളരെ ഉയൎന്ന തോതിലുള്ള സത്യസന്ധതയും നീതിബോധവും പരസ്നേഹവും സൌമ്യശീലവും വിനയവും മററു സകലപുണ്യങ്ങളും വൈദികരിൽനിന്നും, അതിലും പ്രത്യേകിച്ച സന്ന്യാസികളിൽനിന്നും, ജനങ്ങൾ ന്യായപൂർവ്വം പ്രതീക്ഷിക്കുന്നു. അവരുടെ പ്രതീക്ഷയ്ക്കു വിരുദ്ധമായി മേൽപ്പറഞ്ഞ സംഗതികളിൽ എന്തെങ്കിലും വൈകല്യം കാണുകയൊ ഉണ്ടെന്നു വിചാരിക്കുകയൊ ചെയ്താൽ അതിനെ പർവ്വതീകരിച്ചു് കാണിച്ച നമ്മെയും മതത്തെതന്നെയും അവഹേളിക്കുന്നതിനുള്ള ഒരു വാസന ജനസാമാന്യത്തിനുണ്ടു്. വാസ്തവത്തിൽ ഭയങ്കര മതവിദ്വേഷികളായിത്തീൎന്നിട്ടുള്ള ചിലരുടെയെങ്കിലും ചരിത്രം പരിശോധിച്ചാൽ അവരെ ആ വഴിക്കു തിരിച്ചുവിട്ടതു ചില വൈദികരുടെയും സന്ന്യാസികളുടെയും സൂക്ഷക്കുറവും അവിവേകവും ആണെന്നു കാണാവുന്നതാണു്. യുവാക്കന്മാരെ ദൈവഭക്തരും തിരുസ്സഭയുടെ ഉത്തമസന്താനങ്ങളും ആക്കുന്നതിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ള നമ്മുടെ വിദ്യാലയങ്ങൾതന്നെ അവരെ നിരീശ്വരന്മാരും വൈദികവിദ്വേഷികളും ആക്കിത്തീൎക്കുന്നതിനു നമ്മുടെ

അവിവേകവുംമററും കാരണമാകുന്നു എന്നു വരുന്നതിൽ കൂടുതൽ നിർഭാഗ്യം പിന്നെ എന്താണു വരാനുള്ളതു്?

എന്നാൽ നാം മനഃപൂർവ്വം കരുതിക്കൂട്ടിക്കൊണ്ടു ചെയ്യുന്നതല്ലെങ്കിലും നമ്മുടെ ചില പ്രവൃത്തികൾക്കു മേല്പറഞ്ഞ ഫലം ഉണ്ടാകുന്നില്ലയൊ എന്നു പരിശോധിക്കേണ്ടതാണു. മനസ്സു ക്ഷോഭിച്ചിരിക്കുമ്പോൾ ആരെയും ശിക്ഷിക്കുകയൊ ശാസിക്കുകയൊ ചെയ്യരുതു്. ആ സമയത്തു സ്വയം നിയന്ത്രിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ ആവശ്യത്തിൽകവിഞ്ഞു ശിക്ഷിച്ചെന്നൊ ശാസിച്ചെന്നൊ വരാതിരിക്കയില്ല. അതുകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകയില്ലെന്നുതന്നെയല്ല, പിന്നീടു ഖേദിക്കേണ്ടതായും വരും. അനീതിയായി സ്വേച്ഛാധികാരം നടത്തുന്നയാളാണെന്നുള്ള അഭിപ്രായം നമ്മെപററി ഉണ്ടായാൽ കുട്ടികളിൽ വിപ്ലവമനസ്ഥിതി ഉണ്ടാകാതിരിക്കയില്ല.

യദൃച്ഛികമായി ഏതെങ്കിലും അദ്ധ്യാപകൻ അവിവേകമായി ശിക്ഷിച്ചുപോയാൽതന്നെയും കുട്ടികളുടെ മുൻപിൽവച്ചു അയാളെ വിമശിക്കുകയോ ശാസിക്കുകയൊ ചെയ്യരുതു്. എങ്കിലും പ്രധാനാദ്ധ്യാപകൻ ശിക്ഷിക്കപ്പെട്ടവൻെറ സങ്കടം ക്ഷമാപൂർവ്വം ശ്രവിച്ചു നിവൃത്തിയുള്ളിടത്തോളം അദ്ധ്യാപകനെ ആദരിക്കാൻ ശ്രമിക്കുകയും അതു സാദ്ധ്യമല്ലാത്ത സാഹചര്യമാണെങ്കിൽ വേണ്ടതു ചെയ്തുകൊള്ളാമെന്നു പറഞ്ഞു കുട്ടിയെ ആശ്വസിപ്പിച്ചയക്കയുംവേണം. അനന്തരം രഹസ്യമായി അദ്ധ്യാപകനെ ഉപദേശിക്കണം. ഹെഡ്മാസ്റ്റർക്കു തന്നെയാണു അബദ്ധം പററുന്നതെങ്കിൽ അദ്ദേഹത്തോടു തനിച്ചു വിവരം പറയുന്നതിനുള്ള സ്വാതന്ത്ര്യം മററു സഹാദ്ധ്യാപകന്മാൎക്കുണ്ടായിരിക്കണം. പിന്നീടു അദ്ദേഹംതന്നെ കുട്ടിയെവിളിച്ചു ക്ഷമായാചനമെന്ന രീതിയിലല്ലെങ്കിലും ശിക്ഷിച്ച സഹചര്യം മനസ്സിലാക്കിക്കൊടുത്തു സൌഹാർദ്ദമായി സംസാരിക്കുന്നതു നന്നായിരിക്കും. അതുകൊണ്ടു അദ്ദേഹത്തോടുള്ള മതിപ്പും സ്നേഹവും വൎദ്ധിക്കുകയേയുള്ളു.

നല്ലതിൻവണ്ണം ശാന്തമായി ആലോചിച്ചതിനുശേഷം

മേലധികാരിയുടെ അറിവോടും സമ്മതത്തോടുംകൂടി സ്കൂൾ അധികൃതന്മാർ ഒരു കുട്ടിയെ സ്കൂളിൽനിന്നോ ബോർഡിംഗിൽനിന്നോ പിരിച്ചുവിട്ടാൽ, പിന്നെ യാതൊരു കാരണവശാലും അവനെ തിരികെ എടുക്കരുതു്. മററുള്ളവർ ആ സംഗതിയിൽ തലയിടുകയും ചെയ്യരുതു്. തങ്ങളുടെ അടുത്ത ചാർച്ചക്കാരാണെന്നോ ആശ്രമത്തിൻെറ ഉപകാരികളുടെയോ ഇടവകപ്രധാനികളുടെയോ മക്കളാണെന്നോ തങ്ങളുടെ പ്രേരണയാൽ സ്കൂളിൽ ചേൎന്നവരാണെന്നോ മറെറാ ഉള്ള ന്യായംപിടിച്ചു അവരുടെ ശിക്ഷ റദ്ദ്ചെയ്യണമെന്നു വാദിക്കുകയും ആ കാര്യം സാധിക്കുന്നതുവരെ അധികൃതന്മാരെയെല്ലാം അലട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പ്രകൃതി സ്കൂൾ നടത്തിപ്പിനു വളരെ ഉപദ്രവകരമാണു. മനസ്സുറപ്പിച്ചു ആരെയും ശിക്ഷിക്കാൻ പാടില്ലെന്നുവരുമ്പോൾ ആ സ്ഥാപനം അനേകം ക്രമക്കേടുകളുടെ കേളീരംഗമായിത്തീരും. അതിനാൽ മററുള്ളവർ ഇങ്ങനെയുള്ള സംഗതികളിൽ ഒരിക്കലും ഇടപെടരുതാത്തതാകുന്നു.

എന്തുകാരണത്താലെങ്കിലും ഒരു കുട്ടി അദ്ധ്യാപകനോടു ധിക്കാരമായി സംസാരിക്കയോ ഹൃദയവേദന വരത്തക്കവണ്ണം എന്തെങ്കിലും പ്രവൎത്തിക്കുകയോ ചെയ്യുന്നപക്ഷം അവൻെറ തെററിനെ പരിഹരിക്കുന്നതിനു അവനു അവസരം കൊടുത്തുകൊണ്ടു ക്ഷമയോടുകൂടി പാൎത്തിരിക്കുകയും മററു വല്ലവരെകൊണ്ടും ഉപദേശിപ്പിച്ചു അവനെ നേർവഴിക്കു തിരിപ്പിക്കുന്നതിനു ശ്രമിക്കുകയും അവൻ അനുതാപപ്പെട്ടുവരുമ്പോൾ വളരെ സ്നേഹപുരസ്സരം അവനെ സ്വീകരിക്കുകയും എല്ലാം അവനോടു പരിപൂൎണ്ണമായി ക്ഷമിച്ചിരിക്കുന്നു എന്നു വാക്കുകൾകൊണ്ടു മാത്രമല്ല പ്രവൃത്തികൾകൊണ്ടുകൂടി പ്രദൎശിപ്പിക്കുകയുമാണു ഒരദ്ധ്യാപകൻ ചെയ്യേണ്ടതു്. നേരെമറിച്ചു വൎത്തിനുവെങ്കിൽ അതു സന്യാസികൾക്കും പട്ടക്കാൎക്കും എന്നുവേണ്ട ഒരു ക്രിസ്ത്യാനിക്കുപോലും യോജിക്കുന്നതല്ല. ഒരു വിദ്യാൎത്ഥി അവൻെറ തെററിനെക്കുറിച്ചു മനസ്തപിക്കുമ്പോൾ

അവനെ അവിശ്വസിക്കുന്നതും അവന്റെ ക്ഷമാപണത്തെ
സ്വീകരിക്കുന്നതിനു വിസ്സമ്മതിക്കുന്നതും തികച്ചും അക്രൈ
സ്തവവും പൈശാചികവുമാണു. ഈ വിധത്തിലുള്ള ഹീന
മായ തിരസ്കരണംനിമിത്തം പല കുട്ടികളും നാം വിചാരിക്കു
ന്നതിലധികം മോശമാകുന്നതിനിടയാകാം.

ഒരു സാധാരണ അദ്ധ്യാപകൻ കുട്ടികളുടെനേരെ കാ
ണിക്കേണ്ട ഈ സഹിഷ്ണുത പ്രധാനദ്ധ്യാപകനും മാനേജരും
തങ്ങളുടെ കീഴിലുള്ള അദ്ധ്യാപകന്മാരുടെ നേരെയും കാണി
ക്കേണ്ടതാണു. അവിവേകത്താലൊ നോട്ടക്കുറവാലോ അവ
രിൽനിന്നുളവായ വല്ല അനാചാരത്തേയും വളരെ കാര്യ
മായി കരുതി അവക്കു മനോവേദനയുണ്ടാകത്തക്കവണ്ണം അവ
രുടെ തെററുകളെ കണ്ടുപിടിക്കുന്നതിനും രേഖയാക്കുന്നതി
നും ശ്രമിക്കുന്നെങ്കിൽ അതു ശരിയല്ല. അങ്ങനെ വരു
ന്നപക്ഷം മററു തിന്മകൾക്കും പുറമേ മനസ്സമാധാനത്തോടും
സഹകരണ ബുദ്ധിയോടുംകൂടി ജോലിചെയ്യുന്നതിനു അദ്ധ്യാ
പകന്മാക്കു സാധിക്കാതെവരും. തല്ക്കാലം കാര്യം കാണുന്ന
തിനായി ചിലർ ഹെഡ്മാസ്റ്ററുടെയൊ മാനേജരുടെയൊ
പാശ്വത്തുനിന്നുകൊണ്ടു സഹാദ്ധ്യാപകന്മാരിൽ ആരെയെ
ങ്കിലും ഉപദ്രവിക്കുന്നതിനു സഹായിച്ചു എന്നു വരാമെങ്കിലും
അവക്കു മാനേജുമെൻറിനോടു ഹൃദയപൂർവ്വമായ സ്നേഹം
ഉണ്ടാകുകയില്ലെന്നു മാത്രമല്ല രഹസ്യമായി അവരെ വെറുക്കുക
കൂടെയും ചെയ്യും. ഇക്കാര്യത്തിൽ ചില വൈദികരിൽ നിന്നു
വന്നിട്ടുള്ള അവിവേകംനിമിത്തം കത്തോലിക്കാസഭക്കുതന്നെ
വളരെ നാശംഉണ്ടായിട്ടുണ്ടു്. ഈ അബദ്ധം ഉണ്ടാകാതിരി
ക്കുന്നതിനായി നാം പൈതൃകസ്നേഹത്തോടും ഔദാര്യത്തോ
ടുംകൂടി അദ്ധ്യാപകന്മാരോടു വത്തിക്കേണ്ടതാണു. അവരിലുള്ള
ന്യൂനതകൾ സസ്നേഹം പറഞ്ഞുകൊടുത്തു തിരുത്താനാണു
ശ്രമിക്കേണ്ടതു്. അതുകൊണ്ടു ഫലമുണ്ടാകാത്തപക്ഷം ഒരു
തരത്തിലും ആക്ഷേപാർഹമല്ലാത്ത മററു നടപടികൾ നടത്തു
ന്നതിനു വിരോധമില്ല. എന്നാൽ മനഃപൂർവ്വം വൈരാഗ്യം

വച്ചുകൊണ്ടു എന്തെങ്കിലും ചെയ്യുവെന്നുള്ള ഭാവംപോലും ഉണ്ടാകാതിരിക്കണം. സുഖക്കേടുകളൊ മററുവിഷമതകളൊ അവൎക്കുണ്ടാകുമ്പോൾ അതു വേണ്ടവണ്ണം മനസ്സിലാക്കി ഔദാൎയ്യപൂൎവ്വം നമ്മുടെ കഴിവിൽ പെട്ടിടത്തോളമുള്ള സഹായങ്ങളും ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുകയും, ഒന്നും സാധിക്കാതെവന്നാൽ നല്ല വാക്കുകൾകൊണ്ടെങ്കിലും പരമാൎത്ഥമായ സഹതാപം പ്രദൎശിപ്പിക്കുകയും ചെയ്യണം. ഇപ്രകാരം അവരുടെ ഹൃദയം നാം നേടുന്നപക്ഷം സ്ക്കൂളിനുവേണ്ടി ആത്മാൎത്ഥമായി ജോലിചെയ്യുന്നതിനു അവർ സന്നദ്ധരായിരിക്കും. അല്ലാത്തപക്ഷം ശമ്പളംമാത്രം നോക്കിയുള്ള പണിയെ അവരിൽനിന്നു പ്രതീക്ഷിക്കാൻ സാധിക്കുകയുള്ളു. എന്നുമാത്രമല്ല ഹെഡ്മാസ്റ്റരിൽ നിന്നും മാനേജരിൽനിന്നും നിത്യം ശാസനയല്ലാതെ ഒരു നല്ലവാക്കുപോലും കേൾക്കാൻ സാധിക്കാതെവരുമ്പോൾ അവരോടും അവർ നടത്തുന്ന സ്ഥാപനത്തോടും യാതൊരു സ്നേഹവും അവൎക്കു തോന്നുകയില്ല. മനസുഖത്തിന്റെ കുറവുകൊണ്ടു ജോലിയും തൃപ്തികരമായി ചെയ്യുന്നതിനു അവൎക്കു സാധിക്കാതെവരും.

അൽമായാദ്ധ്യാപകന്മാർ തമ്മിലൊ അവരും മാനേജരുമായൊ അഥവാ ഹെഡ്മാസ്റ്ററുമായൊ എന്തെങ്കിലും സൌന്ദൎയ്യപ്പിണക്കം ഉണ്ടാകാൻ ഇടയാകുന്നപക്ഷം അതു ഒരുവിധത്തിൽ ക്ഷന്തവ്യമാണു്. എന്നാൽ സ്ക്കൂൾജോലിയിൽ ഏൎപ്പെട്ടിരിക്കുന്ന സന്ന്യാസികൾതമ്മിൽ രസക്ഷയമുണ്ടാകുന്നെങ്കിൽ അതു വളരെ ഒച്ചപ്പാടും ഉതപ്പും ഉണ്ടാക്കാതിരിക്കയില്ല. പല കാൎയ്യങ്ങളിലും അഭിപ്രായവ്യത്യാസം ഉണ്ടാകുകയെന്നുള്ളതു് മനുഷ്യസഹജമാണു്. എന്നാൽ വളരെക്കാലത്തെ സന്ന്യാസപരിശീലനത്തിനുശേഷവും തങ്ങളുടെ അഭിപ്രായഗതികളെ വേണ്ടവണ്ണം നിയന്ത്രിച്ചു സൌമ്യമായി കഴിഞ്ഞുകൂടാൻ സന്ന്യാസികൾക്കു സാധിക്കാതെ പോകുന്നെങ്കിൽ അതു എത്രയും ശോചനീയവും വളരെ ദുഷ്ഫലങ്ങൾ ഉളവാക്കുന്നതുമാണു്. കീഴുള്ളവരുടെ അഭിപ്രായം വാസ്തവത്തിൽ

കൂടുതൽ ബുദ്ധിപൂർവ്വമാണെന്നിരുന്നാൽതന്നെയും അവർ ഒരു തത്വംപിടിച്ചു മേലുള്ളവരുടെ അഭിപ്രായത്തോടു് യോജിച്ചു പ്രവർത്തിക്കുകയാണു വേണ്ടതു്. മേലുള്ളവരൊ എന്നാൽ തങ്ങളുടെ സ്ഥാനത്തെപ്പറ്റി അത്ര ഗൗനിക്കാതെ കീഴുള്ളവരോടു വിവേകംപോലെ ആലോചിക്കുകയും സാധിക്കുന്നിടത്തോളം അവരുടെ അഭിപ്രായത്തോടു് യോജിച്ചു പ്രവർത്തിക്കാൻ ശ്രമിക്കുകയുംവേണം. എന്നുതന്നെയല്ലാ മാനേജർ, ഹെഡ്മാസ്റ്റർ മുതലായവർ എല്ലാകാര്യങ്ങളും തങ്ങൾതന്നെ നേരിട്ടു ഏറ്റുനടത്താതെ കീഴുള്ളവരെക്കൊണ്ടും ചെയ്യിക്കുന്നതായിരിക്കും നല്ലതു്. അങ്ങനെ ചെയ്യുന്ന സംഗതികളിൽ വേണ്ട നിർദ്ദേശങ്ങൾമാത്രംകൊടുത്തു ബാക്കിഭാഗം അവരുടെ യുക്തംപോലെ ചെയ്യുന്നതിനു അവരെ വിശ്വസിച്ചു ഏല്പിക്കുന്നതാണു് നന്നു. അതിൽ എന്തെങ്കിലും വൈകല്യം കാണുന്നപക്ഷം പരസ്യമായിട്ടും ശാസനാരൂപത്തിലുമാകാതെ സ്നേഹപൂർവ്വം ചൂണ്ടിക്കാണിച്ചു കൊടുക്കുകമാത്രമാണു വേണ്ടതു്. അതുപോലെ മറ്റുസംഗതികളിലും ക്ഷമയോടും ശാന്തതയോടും സ്നേഹത്തോടുംകൂടി ഉപദേശങ്ങൾ നൽകുന്നപക്ഷം വളരെ സൌഹാർദ്ദമായും കാണികൾക്കു സന്മാതൃകാപരമായും കഴിഞ്ഞുകൂടിപ്പോകാൻ സാധിക്കും.

സ്കൂളിൽ വളരെ കുഴപ്പത്തിനും ദുർമ്മാതൃകയ്ക്കും കാരണമാകുന്ന വേറൊരു തിന്മ അദ്ധ്യാപകന്മാരുടെയിടയിലുള്ള പരസ്പരവിമർശനമാണു. സഹായാദ്ധ്യാപകന്മാർ ഹെഡ്മാസ്റ്ററെയും, അവർ തമ്മിൽതമ്മിലും കുട്ടികളുടെ മുൻപിൽവച്ചു വിമർശിക്കുന്നതു ഒരിക്കലും അനുവദനീയമല്ല. ഹെസ്മാസ്റ്ററൊ മറ്റേതെങ്കിലും അദ്ധ്യാപകനൊ ഒരു കുട്ടിയെ അകാരണമായി ശിക്ഷിച്ചു എന്നു ഏതെങ്കിലും അദ്ധ്യാപകനു തോന്നുന്നപക്ഷം ആ കുട്ടിയെ ആദരിച്ചുകൊണ്ടു മറ്റവർക്കു വിരുദ്ധമായി ഒരിക്കലും പരസ്യമായി സംസാരിക്കരുതു്. ശിക്ഷിച്ച ആളുകളോടുതന്നെ ഉപകാരമുണ്ടെന്നു തോന്നുന്നപക്ഷം അവർക്കുപറ്റിയ അബദ്ധത്തെപ്പറ്റി വിവേകപൂർവ്വം രഹസ്യ

മായി പറയുന്നതിന്ന വിരോധമില്ല. കുട്ടികളോടു എല്ലായ്പ്പോഴും അദ്ധ്യാപകന്മാരെ ആദരിച്ചേ സംസാരിക്കാവൂ. ഈ സംഗതിയിൽ വേണ്ട ശ്രദ്ധപതിക്കാത്തപക്ഷം അദ്ധ്യാപകന്മാരുടെ ഇടയിൽ ഉണ്ടാകേണ്ട സഹരേച്ഛ നഷ്ടിഭവിക്കും. ഈ തെററു സന്ന്യാസികളിൽനിന്നാണു ഉണ്ടാകുന്നതെങ്കിൽ പ്രത്യേകിച്ചും ദുൎമ്മാതൃകാപരമാണെന്നു പറയേണ്ടതില്ലല്ലൊ. സന്ന്യാസികൾ തങ്ങളോടുകൂടി ജോലിചെയ്യുന്ന അൽമായാദ്ധ്യാപകന്മാൎക്കു എല്ലാക്കാൎയ്യങ്ങളിലും മാതൃക കാണിച്ചുകൊടുക്കേണ്ടതാണു്. അധികാരാദരവു, പരസ്പരസ്നേഹം, സഹകരണബുദ്ധി, കൃത്യനിഷ്ഠ, സത്യസന്ധത, പരിശ്രമശീലം മുതലായ കാൎയ്യങ്ങളിൽ എന്തെങ്കിലും വൈകല്യങ്ങൾ നമ്മിലുണ്ടാകുന്നപക്ഷം അവരിലേക്കും അതു പടൎന്നുപിടിക്കാൻ വളരെ എളുപ്പമുണ്ടു്. സന്ന്യാസികളായ സഹായാദ്ധ്യാപകന്മാരെ ആശ്രമമുറയനുസരിച്ചു വെറും സമനായിരിക്കുന്ന ഒരു ഹെഡ്മാസ്റ്റൎക്കു ശകാരിച്ചു ശരിപ്പെടുത്തുകയെന്നുള്ളതു അത്ര എളുപ്പമല്ലാത്തതിനാൽ അവർ തന്നത്താനെ മററുള്ളവൎക്കെല്ലാം മാതൃകാപരമായി തങ്ങളുടെ കൎത്തവ്യങ്ങൾ നിൎവ്വഹിക്കാൻ ശ്രമിക്കേണ്ടതാണു്.

L. D. S & M.

DC Library
*00007485*
K19 T56